# ആലഞ്ഞാട്ടമ്മ

(1989)

ഉള്ളടക്കം


| | | | |
|---|---|---|---|
| ഹ | അദ്വൈതഗീതം | ഹ | വിഷുവൽക്കിനാവ് |
| ഹ | ആലഞ്ഞാട്ടമ്മ | ഹ | സംഘടിതം |
| ഹ | പാഞ്ചജന്യദ്ധ്വനി | ഹ | വാർദ്ധകവ്യസനം |
| ഹ | വിഷുക്കണി | ഹ | ആകാശവും ഭൂമിയും |
| ഹ | അടുത്തൂൺ | ഹ | പരമാർത്ഥന |
| ഹ | കൊയിലാണ്ടിക്കു വീണ്ടും | ഹ | കച്ചേരിക്കിടയിൽ |
| ഹ | നിലപ്പനയുടെ പാട്ട് | ഹ | മണ്ണപ്പം |
| ഹ | ഒരിറ്റു മഷി | ഹ | കുംഭമഴക്കുസൃതികൾ |
| ഹ | പ്രേമം | ഹ | മരണഭയം |
| ഹ | ശനിദശയിൽ | ഹ | ബുദ്ബുദഭംഗി |
| ഹ | കടുകല്ല | ഹ | അദൃശ്യവാഹനൻ |
| ഹ | വിവേകാനന്ദൻ ആര്? | ഹ | സ്വാദ്ധ്യായം |
| ഹ | യജ്ഞപ്പക്ഷി എവിടെ? | ഹ | ഗംഗാമന്ത്രണം |
| ഹ | നിത്യതയുടെ മന്ത്രം | ഹ | ഇറച്ചിക്കോഴികൾ |
| ഹ | സർഗ്ഗദർശനം | ഹ | സ്വപ്നമേഖലയിൽ |
| ഹ | ഗുരുവായൂർബസ്സിൽ | ഹ | പേരെന്ത്? |
| ഹ | ഓണം കഴിഞ്ഞപ്പോൾ | ഹ | വിളക്കത്തെലെക്കുഞ്ഞൻ |
| ഹ | മൃഗപ്രപഞ്ചത്തിൽ | ഹ | ഭഗവാന്റെ ദുഃഖം |
| ഹ | വിളിച്ചുവോ വിളിച്ചില്ലേ? | ഹ | രാപ്പനി |
| ഹ | മഴയും മനുഷ്യനും | | |


## അദ്വൈതഗീതം

ഭ്രാന്തശാലയിൽ വീണ്ടും ഹാ, വേ–
ദാന്തസൂര്യനുദിച്ചപ്പോൾ
ശ്രീനാരായണബിംബംതന്നെ
ശ്രീശങ്കരബിംബം!

ആരോ കണ്ണാടികാണിച്ചു നാടി–
ന്നാത്മജ്ഞാനം നൽകി
വന്നു നമിപ്പൂ ലോകംമുഴുവനു–
മിന്നാത്തിരുചരണത്തിൽ.

എവനോ പുതിയൊരു കോവിലിലീഴവ–
ശ്ശിവനെ പ്രതിഷ്ഠിച്ചൂ
അവനെ നമിക്കാനോടിവരുന്നൂ
അനന്തതാഗർവ്വം.

ഭ്രാന്തശാലയിൽ വീണ്ടും ഹാ, വേ–
ദാന്തസൂര്യനുദിച്ചപ്പോൾ
ശ്രീനാരായണബിംബംതന്നെ
ശ്രീശങ്കരബിംബം!

# ആലഞ്ഞാട്ടമ്മ

സാമൂതിരിപ്പാടും നാടുനീങ്ങി, പിന്നെ
സോമയാജിപ്പാടും നാടുനീങ്ങി,
അമ്പതിനായിരം പാട്ടംപിരിയുന്ന
നമ്പൂതിരിപ്പാടും നാടുനീങ്ങി.

കുമ്പകുലുക്കിക്കുണുങ്ങിനടക്കുന്ന
കുട്ടാപ്പുനായരും നാടുനീങ്ങി
ആനപ്പുറത്തു സവാരിനടത്തുന്ന
കൂനുള്ള പട്ടരും നാടുനീങ്ങി.

ചക്കകൾ പത്തെണ്ണമൊപ്പം വിഴുങ്ങുന്ന
ചക്കാലനായരും നാടുനീങ്ങീ,
കുമ്പളങ്ങാപ്പുറംപോലെ നരച്ചൊരു
കുമ്പാരനുംകൂടി നാടുനീങ്ങീ.

നാടുനീങ്ങിപ്പോയവരുടെ പേരുകൾ
നാവിന്മേൽ തിക്കിത്തിരക്കുകയാൽ
ആലഞ്ഞാട്ടമ്മയോ നാവുകുഴഞ്ഞു കൈ–
കാലും കുഴഞ്ഞു കിടപ്പിലായി.

ആലഞ്ഞാട്ടമ്മയെക്കെട്ടിയെടുക്കുവാൻ
കാലനുംകൂട്ടരും വന്നുചേർന്നു
കാലന്റെ കൈയിലെ കമ്പക്കയറുട–
നാലഞ്ഞാട്ടമ്മയെക്കെട്ടിയിട്ടു.

''കാലൻ വന്നെന്നെപ്പിടിച്ചുകൊണ്ടോവുന്നു
കാർത്തവീര്യാർജ്ജുനാ, കാക്കുകെന്നെ;
കല്ലൂർഭഗവതീ, ഓടിവാ, ഓടിവാ,
കാട്ടുമാടത്തിൽ മുത്താച്ചിയമ്മേ!
നാരായണാ ഹരി നാരായണാ, ഹരി
നാരായണാ, ഹരി നാരായണാ!''

എട്ടു ദിക്പാലരുമാലഞ്ഞാട്ടമ്മതൻ
പൊട്ടിക്കരച്ചിൽ കേട്ടമ്പരന്നു,
പേ പറഞ്ഞീടുകയാണെന്നു മക്കളും
പേരക്കിടാങ്ങളും വിശ്വസിച്ചു.
കാറിലപ്പോത്തിക്കരി വന്നുടനൊരു
കൈയിന്മേൽ തൂശി കടത്തിയപ്പോൾ
മറ്റേക്കൈവണ്ണയിൽ, കാൽകഴച്ചെത്തിയ
മാന്ത്രികനോലത്തകിടു കെട്ടീ.
ആലഞ്ഞാട്ടമ്മയാണെങ്കിലോ കാണുന്നി–
ല്ലാവകച്ചെയ്തികളൊന്നുംതന്നെ.

നാരായണനാമഘോഷങ്ങൾ വൈകുണ്ഠ–
ദ്വാരത്തിൽ മുട്ടിത്തുറന്ന വാതിൽ
ചാരുവാൻകൂടി മറന്നുകൊണ്ടല്ലയോ
നാരായണസ്വാമി പാഞ്ഞുവന്നു.

നാരായണസ്വാമി വീട്ടിൽ വന്നേറിയ–
നേരത്തു കാലനും കൂട്ടുകാരും

പന്തത്തിൻമുമ്പിൽ പെരുച്ചാഴിപോലല്ലീ–
യന്തംവിട്ടങ്ങനെ നിന്നുപോയി!

നാരായണൻ ചൊല്ലി: ‘‘എന്റെ പേർ ഭൂമിയി–
ലാരാനൊരുകുറിയുച്ചരിച്ചാൽ
ഇല്ലാ മരണമയാൾക്കെന്നു നിശ്ചയ–
മില്ലയോ കാലന്നും കൂട്ടുകാർക്കും!’’

പെട്ടെന്നദൃശ്യരായ് കാലനും കൂട്ടരും
വെട്ടം വരുമ്പോളിരുട്ടുപോലെ.
പൊട്ടിച്ചിരിക്കുന്ന വൈകുണ്ഠനാഥനോ
കട്ടിലിൻപക്കത്തിരിക്കയായീ.
ഒപ്പിയെടുക്കുകയായുടൻ കൈയിലെ–
പ്പദ്മദളങ്ങളാലദ്ദയാലു
ഗംഗായമുനകൾ പോലെയാ വൃദ്ധതൻ
കൺകളിലൂറിവരുന്ന ബാഷ്പം.

പുഞ്ചിരി തൂകിയെഴുന്നേറ്റിരിക്കുന്ന
പുഷ്കലാനന്ദസ്വരൂപിണിയെ
വിശ്വസിക്കാൻ കഴിയാഞ്ഞുറ്റുനോക്കുന്നു
വിസ്മയസ്തബ്ധരാം പിൻമുറകൾ:

“കൈയിലും കാലിലും കാണ്മതെന്താണമ്മേ,
കമ്പക്കയറിന്റെ പാടുപോലെ?”

## പാഞ്ചജന്യധ്വനി

തേറുന്നൂ, ഖരവസ്തു ശൂന്യതയിലു–
ല്പാദിച്ചിടും മുമ്പു ഗം–
ഭീരോദാരമുദഞ്ചിതപ്രണവമ–
ന്ത്രം കേട്ട കാതാലിവൻ
മാരാർ ശംഖുവിളിച്ചുണർത്തുമളവി–
ന്നോരോ ത്രിയാമാന്തിമ–
സ്ഫാരോന്മേഷനവപ്രസൂതിയിലുമ–
ത്യാനന്ദമേ, നിന്നെ ഞാൻ.

അപ്പോഴേയ്ക്കകലത്തതാ, മെതിയടി
ച്ചെത്തങ്ങൾ; മേശാന്തിതൻ
കൈപ്പത്തിസ്ഖലിതങ്ങളാൽ വഴി വെടി–
പ്പാക്കുന്ന താക്കോൽകളും;
അപ്പോഴേയ്ക്കരികത്തു വാതിൽമണിനാ–
ദങ്ങൾക്കിടയ്ക്കായിരം
കൈപ്പൂറുംകരളിൻസ്വരങ്ങൾ, ‘ഗുരുവാ–
യൂരപ്പ, രക്ഷിക്കണേ!’

ചാലേ ഞാനൊളികണ്ണുകൊണ്ടു തഴുകി–
പ്പോയല്ലി വാമോർദ്ധ്വഹ–
സ്താലഗ്നപ്രിയപാഞ്ചജന്യം? ഉടനൊ–
ന്നൂറിച്ചിരിക്കുന്നു ഞാൻ:

ശാലീനാഞ്ജനവിഗ്രഹങ്കലിവനിൽ
ക്ഷേപിച്ച ഞാനെന്ന ഹു–
ങ്കാലോ തന്ത്രസമുച്ച[1]യാരചയിതാ–
വേ, മന്മമത്യോൽഗമം?
ഊതീ ഞാനിതു സാല്വനിഗ്രഹണസ–
ന്ദർഭത്തി,ലെന്നാൽശ്ശരി–
യ്ക്കൂതിപ്പോയ്ക്കുരുപാണ്ഡവപ്പടനില–
ത്താണിമ്മഹാകാഹളം;
ഓതീ രൈവതപർവ്വതോ[2] ദ്യതവന–
ജ്യോൽസ്നാമയം പാഞ്ചജ–
ന്യാതപ്തപ്രണവപ്രവാഹലയമെ–
ന്നാബാലവൃദ്ധം ജനം.

അഞ്ചാമത്തെ വയസ്സിൽ ഹിംസ്രമൃഗസ–
ങ്കേതത്തിലേകാഗ്രഹൃൽ–
ത്തുഞ്ചത്താ ധ്രുവനാറുമാസമചലം–
പോലെത്തപംചെയ്യവേ
'മുഞ്ചാമീ'[3]തി മമോക്തി കേട്ടു മിഴിയും
കൺകീഴിലെപ്പൂങ്കവിൾ–
പ്പഞ്ചാരച്ചിരിയാൽത്തലോടിയതുമി–
ശ്ശംഖിൻമിനുപ്പല്ലയോ?

എമ്മട്ടീ പ്രണവപ്രതീകമഖിലാ–
ണ്ഡാന്തർഗ്ഗതോർജ്ജസ്വല–
ബ്രഹ്മം പാപവിസർജ്ജിതോജ്ജ്വലജനുർ–
ലോകപ്രപുണ്യോത്സവം[4]
ധർമ്മോദ്ധാരണലക്ഷ്യനെന്റെ കരുവായ്?
എന്നോർത്തിടുംമുമ്പിതാ
കൺമുമ്പിൽഗ്ഗുരുവിന്റെയശ്രുകലുഷാ–
സ്യോന്മീലിതാദ്യസ്മിതം![5]

ഹാ, രാമേട്ട[6]നു പിന്നിലുള്ള നിഴലായ്–
ച്ചെന്നോരെനിക്കും കനി–
ഞ്ഞാരോ നല്കിയതാശ്രമപ്പശു തരും
പാലും പരാവിദ്യയും
രാരാജിപ്പിതവന്തികാപ്രഥിത[7] മാ–
ശ്ശിപ്രാസമീരോന്മിഷൽ–
ക്കാരുണ്യപ്പുഴ[8] വേദമായവനിമേ–
ലിന്നും ധനുർവ്വേദമായ്.
ക്രോധോന്മാദിതകംസപീഡിതജഗൽ–
ക്കണ്ഠത്തിൽനിന്നാതുരാ–
ക്രോശംകേട്ടുളവായി രോഹിണി[9] ഭരി–
ക്കും രാവിലീയഷ്ടമൻ[10]
'ക്രോഡ[11]ത്തിൽസ്സുമനോജ്ഞമാം മറുകതാ!'
ചിന്തിച്ചു കാലത്രിക–
ക്രോഡൻ[12]മൽഗ്ഗുരുവാദ്യമെന്നെയകലെ–
ക്കണ്ടപ്പൊഴേയ്ക്കില്ലയോ?

അല്ലെങ്കിൽഗ്ഗുരുദക്ഷിണാചരണസ–

ന്ദർഭത്തിലെൻ യൗവനോൽ–
ഫുല്ലോല്ലാഘത കണ്ണുനീരൊടെ നുക–
ർന്നോതാവതല്ലാ മുനി,
''മല്ലാരേ, കടലിൽക്കുളിച്ചുവരുവാൻ
പൊയ്പ്പോയപുത്രന്നു ജീ–
വോല്ലാസം തിരികെക്കൊടുത്തരുളുവാ–
നാരുള്ളൂ നീയെന്നിയേ?''

തേരിൽ ജ്യേഷ്ഠനൊടൊത്തു പാഞ്ഞണവൂ ഞാ–
നപ്പോൾ പ്രഭാസം;[13] ജഗൽ–
പ്രാരംഭശ്രുതസോമനാഥപുരി[14]യിൽ
ശ്ശാർങ്ഗം[15]കുലയ്ക്കുന്നൂ ഞാൻ;
ചാരത്തെത്തി വണങ്ങിനിൽപ്പു വരുണൻ;
''സ്വാമിൻ, സമുദ്രാന്തരാ–
ഗാരേ ശംഖിലൊളിച്ച പഞ്ചജനനെ–
ക്കൊല്ലൂ ശിശുദ്രോഹിയെ.''

കൊന്നൂ പാപനെ ഞാൻ, അവന്റെ കവചം[16]
ശുദ്ധീകരിച്ചൂതി ഞാ–
നന്നാദ്യം; ദ്രുതപാഞ്ചജന്യസുഗഭീ–
രാഹ്ലാദവായ്പ്പേൽക്കവേ
കണ്ണീരിൽപ്പുളകം വിടർന്നു നരക–
ത്തിൽക്കേഴുവോർക്കും; ക്ഷണാൽ–
ത്തന്നൂ മൽഗ്ഗുരുപുത്രനെശ്ശഠയമൻ
സാകൂതഹാസത്തൊടെ.

# വിഷുക്കണി

ഗുരുപവനപുരമമരുമെൻ പുരാനേ, ഭവൽ–
ത്തിരുമുഖം കാണുവാൻവേണ്ടി
കണ്ണീരുവറ്റാത്ത കണ്ണിറുക്കിപ്പിടി–
ച്ചിന്നിതാ, നടയിൽ ഞാൻ നിൽപ്പൂ
കണികണ്ടു കാലസ്ഥലങ്ങൾതൻ കേന്ദ്രസ്ഥ–
മണിവർണ്ണരുചിയിലാറാടാൻ!
അനവധി ജന്മാന്തരങ്ങളിലൂറിയ
വിനകൾതൻ ശൂന്യത പേറി,
അറിയാവ,തറിയേണ്ടതൊ,ക്കെ നീയാകുന്ന
മറയെന്നൊരറിവകത്തൂറി,
അറുപതു വർഷത്തെക്കണ്ണീർക്കടലിലെ–
ത്തിരകളിൽ നീന്തി ഞാൻ വന്നു
തിരുവാകച്ചാർത്തിന്നു മുമ്പൊരു കുറി നിന്റെ
തിരുമുഖം കണ്ടു മയങ്ങാൻ –
ആ മയക്കത്തിന്റെ മാസ്മരതകൊണ്ടന–
ന്താനന്ദനിർവൃതിയിലുണരാൻ!
ഇരുളും വെളിച്ചവും തുല്യമാക്കിബ്ഭവാ–
നിരുപുറത്തേയ്ക്കും വകഞ്ഞാൽ
അവശിഷ്ടബിന്ദുവാം വിഷുവിന്റെ സുമുഹൂർത്ത–

ച്ഛവിയിൽ നിൻ കരുണയിൽ മുങ്ങാൻ!
നീയല്ലയോ കുറൂരമ്മതൻ നിർവൃതി!
നീയല്ലി മഞ്ജുളാനന്ദം?
നീയല്ലയോ വില്വമംഗലമംഗളം?
നീയല്ലി നെന്മിനിയ്ക്കുണ്ണി?
നീയല്ലി ഭട്ടപാദോത്താരതാരകം?
നീയല്ലി പൂന്താനജ്ഞാനം?
നീയല്ലി ചേലപ്പറമ്പിന്റെയവ്യഥ?
നീയല്ലി കൂടല്ലൂർപ്പുണ്യം?
നീയല്ലി പൊല്പാക്കരയിൽ സ്ഥിതപ്രജ്ഞ?
നീയല്ലി മേയ്ക്കാട്ടെ നാമം?
നീയല്ലി വാഴകുന്നത്തെ വാഗ്ധോരണി,
നീയല്ലി വൈത്തിതൻ ശ്രൗതം?

ഝഝഝ

മതിലകത്തുള്ള കരിങ്കൽത്തളിമത്തിൽ
മാനവും നോക്കിക്കിടക്കെ,
അക്ഷയാകാശനീലാഞ്ജനക്കോവിലിൽ
ലക്ഷദീപോത്സവം കാൺകെ,
അഖിലചരാചരം നീയെന്നറിഞ്ഞു ഞാ–
നച്യുതാനന്ദ ഗോവിന്ദ!
കോൾമയിർ ചിന്തുന്ന വേനൽപ്പേമാരിയി–
ലാണ്മയൂരങ്ങളെപ്പോലെ
ശംഖനാദം കേട്ടുണർന്നെഴുനേറ്റവർ,
ചങ്കിൽ നിൻ നാമം തുടിപ്പോർ,
ആയിരം ഭക്തർ; ആ പ്രാണപ്രവാഹത്തി–
ലാണ്ടിതാ, ഞാൻ നിന്റെ മുമ്പിൽ,
വറ്റാത്ത കണ്ണുനീർമുത്തുകളല്ലാതെ
മറ്റുകാണിക്കകളെന്യേ.
മണ്ഡപത്തിങ്കൽച്ചലിച്ചിടും വെള്ളോട്ടു–
മണിമുഴക്കങ്ങളെൻ കാതിൽ
ആനന്ദസാരമുതിർക്കവേ, ചരണങ്ങ–
ളാലിലപോലെ വിറയ്ക്കെ,
ഗുരുപവനപുരമമരുമെൻപുരാനേ, ഭവൽ–
ത്തിരുമുഖദർശനവ്യഗ്രൻ,
കണ്ണു തുറക്കുകയായി ഞാൻ കാണുമോ
കണ്ണാ, നിൻ വിഗ്രഹമഗ്രേ?
തൂണോ തുരുമ്പോ അതഥ്യപ്രരൂപങ്ങൾ
കാണാനിടവരും മുമ്പേ
കാണുമോ മൂന്നു ജന്മം വസുദേവരാൽ
പാണിപുഷ്പാർച്ചിതം ബിംബം?
പൂഞ്ജിച്ചുനിൽപ്പൂ മനസ്സിലീയജ്ഞാന;–
മഞ്ജനകരസഹസ്രത്താൽ
കാരുണ്യവാരാന്നിധേ, തുറന്നാലുമെൻ
കണ്ണീരു വറ്റാത്ത കൺകൾ
അഖിലേശ്വര, ഗുരുപവനേശ്വര, ഹരേ,
അച്യുതാനന്ത, ഗോവിന്ദ!

# അടുത്തൂൺ

വട്ടണമോടിക്കിതച്ചെന്റെ വാതിലിൽ വന്നു
മുട്ടി വാത്സല്യത്തോടെക്കുശലം ചോദിക്കുന്നു:

''അടുത്തൂൺ പറ്റി സ്വന്തം ഗ്രാമത്തിലൊരു മാസം
മടുപ്പൻ വൈചിത്ര്യരാഹിത്യത്തിലുയിർത്തോനേ,

ഇച്ചാരുകസേലയിൽ ഭൂതകാലാഹ്ലാദത്തി–
ന്നുച്ഛിഷ്ടം നുണച്ചുകൊണ്ടിരിക്കും പാവത്താനേ,

മതിയായില്ലേ നിനക്കേകാന്തനിദ്രാണത്വം?''
ഗതിമുട്ടിയ ഞാനൊരുത്തരം കണ്ടെത്തുന്നു:

''മുറ്റത്തു വർഷം തോറും വിടർന്നു വാടാറുള്ള
മുക്കുറ്റിപ്പൂവിന്നിതളെത്രയെന്നറിയാതെ

അമ്പത്തൊമ്പതു വർഷം കടന്നുപോയെന്നുള്ളൊ–
രമ്പരപ്പാണീ മുഹൂർത്തത്തിലെന്നന്തർഭാവം.

പറവൂ നിസ്സന്ദേഹമിന്നു ഞാൻ മുക്കൂറ്റിപ്പൂ
കരളിൽത്തുടുപ്പോലുമഞ്ചിതളുകളത്രേ.''

ഊഊഊ

പിന്നെയും മാസം രണ്ടു നീങ്ങവേ, സുവിനീത–
മെന്നാത്മസദനത്തിൽ സുപ്രഭാതത്തോടൊപ്പം

ജീപ്പിൽ വന്നിറങ്ങുന്നൂ നഗരം വീണ്ടും; കാതിൽ–
കേൾപ്പൂ ഞാൻ: ''ഇപ്പോളെന്തു ചെയ്‌വു നീ ജീവാത്മാവേ?

മൂന്നു മാസമായല്ലോ ഗ്രാമജീവിതത്തിന്റെ
മൂകവേദനയിങ്കൽ നീ മുങ്ങിക്കിടക്കുന്നു!

മടുത്തില്ലയോ നിനക്കേകതാനത?'' ഞാനോ,
മനസ്സിൽപ്പരക്കംപാഞ്ഞൊടുവിൽപ്പറയുന്നു,

''മുക്തകണ്ഠം ഞാനിന്നു ഘോഷിപ്പൂ നിസ്സന്ദേഹം
മുറ്റത്തെ നിലപ്പനപ്പൂവിനാറിതളത്രേ!'

# കൊയിലാണ്ടിക്കു വീണ്ടും

കൊച്ചിയിൽനിന്നൊരു കാക്ക പണ്ടു
കൊയിലാണ്ടിയിൽ ചെന്നു കൂടുകൂട്ടി
അക്കഥ കേട്ടിട്ടോ പിൽക്കാലീനൻ
ഇക്കാകന്നിപ്പോൾ ചിറകനക്കം?

ചൂർണ്ണിക്കുമീതേ നിളയ്ക്കു മീതേ
ചാലിയാർ കോരപ്പുഴകൾക്കു മീതേ
കൊച്ചിയിൽനിന്നാ യുവാണ്ഡജത്തി–
ന്നിച്ഛ നീലച്ച നിഴൽ വിരിച്ചു.
കൊയിലാണ്ടിക്കാക്കകളവനെക്കാൺകെ
മയിലാട്ടമെന്തെന്നനുഭവിച്ചു
ലോകനാർകാവിലെപ്പൂരം കാണാൻ
പോകും മനുഷ്യമനസ്സുപോലെ.
കൊയിലാണ്ടിക്കോടതിപ്പരിസരത്തിൽ

കൊന്നപ്പൂസ്വർണ്ണം പടർന്ന കാറ്റിൽ
കുത്തിയിരിക്കുമതിഥിക്കായി–
ട്ടെത്തുന്നു കാരയ്ക്ക, പച്ചമത്തി.
വേറെയും വേറെയും രുചിരഭോജ്യം
തേറുന്നു കാക്കച്ചിറകനക്കം.
ചായക്കടകൾതന്നന്തരീക്ഷ–
വായുമാലിന്യത്തിലൂടെ നീന്തി,
എച്ചിൽക്കുഴികളിലൊക്കെ നാറു–
മുച്ഛിഷ്ടം മാത്രമെന്നുള്ളൂ നീറി,
പറപറന്നെത്തുന്നു ദൂരെ ദൂരെ
കരയും കറുപ്പിലെക്കർമ്മവീര്യം,
മാവും പിലാവും പറങ്കിമാവും
തൂവും മണമുള്ള കാവു തോറും.
കൊന്നത്തണൽക്കൊമ്പിലേറി മഞ്ഞ–
സ്വർണ്ണത്തിലെശ്ശമമാസ്വദിക്കേ,
ആഗതനൊന്നു മയങ്ങി, 'വെള്ള–
ക്കാകനോ ഞാ'നെന്നുണർന്നെണീറ്റൂ.

അപ്പൊഴേയ്ക്കെത്തുകയായി വീണ്ടു–
മാതിഥേയന്മാർതൻ നാട്ടുകൂട്ടം:
''മർത്ത്യരെണ്ണത്തിൽ പെരുകുകയാൽ
വൃത്തി വെടുപ്പുകൾ പോയ്മറഞ്ഞൂ.''
''ഉത്സവപൂർവ്വം ശുചീകരണ–
മത്സരം നാളെ നടത്തണം നാം.''
''ചെയ്യുന്നതൊക്കെയും സാവധാനം
ചെയ്യേണ്ടതാണെന്നുമോർമ്മവേണം.''
''നമ്മളെന്നും നിലനിർത്തിടേണം
നമ്മുടേതാം കുലധർമ്മബോധം.''
''ഗൂഢതയില്ലാത്തിടത്തുവെച്ചു
മൂഢരായ്ച്ചെയ്യൊല്ല മൈഥുനം നാം.''
''കെട്ടിടഭിത്തിയിലാകെ മർത്ത്യ–
രൊട്ടിച്ചുവെച്ച പടങ്ങൾ നോക്കൂ!''
''കെട്ടിപ്പിടിക്കയാണാണും പെണ്ണും
കഷ്ടമിവർക്കുടുപ്പെന്തിനാവോ!''
''നിർല്ലജ്ജമായ മൃഗത്വമേ, നി–
ന്നെല്ലുറപ്പില്ലൊരു പൈങ്കിളിക്കും!''
''കാലമേതാണേ,തകാല,മെല്ലാ–
മാലോചിയാതൊന്നും ചെയ്തുകൂടാ.''
''വർഷത്തിൽ ജീവിക്കാൻ വേണ്ടതൊക്കെ
വേനലിൽ സംഗ്രഹിച്ചീടണം നാം.''

കൊത്തിയ പക്വഫലങ്ങളുമാ–
യെത്തിയ കൊയിലാണ്ടിക്കാകസംഘം
കൊക്കിൽ തിരുകിക്കൊടുത്തതാകെ
കൊച്ചീന്നു വന്നവൻ തിന്നുതീർത്തു.
ഇത്തിരിനേരം തണൽത്തണുപ്പിൽ
പൊത്തിലെല്ലാരും കിടന്നുറങ്ങി.
കോടതിക്കുള്ളിലെ വാഗ്ഭടന്മാർ
വീടുകൾതേടിപ്പിരിഞ്ഞുപോയി.

അപ്പോൾക്കൊയിലാണ്ടിക്കാകസംഘം
അതിഥിയോടാരാഞ്ഞു വന്ന കാര്യം,
''കൊച്ചിയിൽനിന്നിത്രദൂരെയുള്ള
കൊയിലാണ്ടി പൂകുവാനെന്തു ബന്ധം?''
പെട്ടെന്നു കൺകളിലോടംപോലെ
ദൃഷ്ടി ചലിപ്പിച്ചതിന്നുശേഷം
ഏറെപ്പതിഞ്ഞൊരു ഘർഘരത്തിൽ
ആരാഞ്ഞിടുന്നു വിരുന്നുകാരൻ:
''ആമീനോ ജഡ്ജിയോ കോടതിയി–
ലേമാന്മാരാരാനും ബാക്കിയുണ്ടോ?''
''ആരുമില്ലാരുമില്ലാരുമില്ലെ–''
ന്നാതിഥേയന്മാരനുസരിക്കേ
സ്വന്തം ചിറകിൽ പെരിയ കൊന്ന–
ച്ചന്തത്തെച്ചുറ്റി പറന്നശേഷം
കൊമ്പിൽ ചിറകിലെസ്സംശയങ്ങ–
ളമ്പേ കുടഞ്ഞിട്ടവൻ പറഞ്ഞൂ,
''കേളപ്പനിവിടെജ്ജനിച്ചുവെന്ന
കേവലസത്യം യദൃച്ഛയല്ല!
ഏഴുപത്തോളം മനുഷ്യരൂപ–
മെൻ പിറനാടായ വൈപ്പിൻ ദ്വീപിൽ
മർത്ത്യർതാൻ നഞ്ഞിട്ട കള്ളിൽ മുങ്ങി–
ച്ചത്തുമലച്ചതറിഞ്ഞുകൂടേ?
പെട്ടെന്നെവിടുന്നോ പാഞ്ഞുവന്നു
ഞെട്ടിച്ച പീരങ്കിയെന്നപോലെ
വായിൽപ്പൂവമ്പുള്ള മന്മഥനാ
വായുവിൽ പൊട്ടിത്തെറിക്കമൂലം
ചാറയിൽ ശേഷിച്ച നഞ്ഞുവെള്ളം
ടാറിട്ട റോഡിൽ പരന്നൊഴുകി.
നാലഞ്ചുനാൾകൊണ്ടാ ദ്വീപിലുള്ള
താളും തകരയുമെന്നുവേണ്ടാ,
സസ്യങ്ങളെല്ലാം വിഷമയമായ്:
നസ്യം പറയുകയല്ല കേട്ടോ!
മർത്ത്യന്മാർ കൂട്ടക്കൊലയിൽനിന്നു
മുക്തരായെന്നതു നേരുതന്നെ;
ചത്തുപോയ്പ്പക്ഷേ, തളിർത്ത സസ്യം
കൊത്തിയോരെന്നതും നേരുതന്നെ.

എത്ര കാകന്റെ കഥകഴിഞ്ഞു?
ശ്രദ്ധിക്കാൻ നിന്നാൽ വിശന്നു ചാവും!
പത്രം വിടർത്തിപ്പറന്നുയർന്നീ
പട്ടണമെങ്ങെന്നു ഞാൻ തിരഞ്ഞൂ.
ഇല്ലച്ഛനമ്മമാ,രില്ല മക്കൾ,
ഇല്ല സഹധർമ്മചാരിണിയും,
ഇല്ലെനിക്കാരുമുടപ്പിറന്നോ, –
രുള്ളതീയാഴക്കിറച്ചിമാത്രം!
അല്ല, പറഞ്ഞതബദ്ധമാണെ, –
ന്നമ്മ ജീവിപ്പൂ മനസ്സിലിന്നും;
അന്തിക്കു തെച്ചിപ്പഴങ്ങൾ തീറ്റു–
മമ്മ കഥപറയുമ്പൊഴല്ലോ

കൊയിലാണ്ടിയെന്ന സുരക്ഷിതത്വം
കൊയിനാവുപോലെ ഹൃദിസ്ഥമായി!
കൊയിലാണ്ടി മൃത്യുഭയമകറ്റീ,
കൊയിനാവകറ്റീ മലമ്പനിയും.''

ഇത്രയുമദ്ദേഹം വിസ്തരിപ്പ–
തൊത്തൊരുമിപ്പുള്ള കാകവർഗ്ഗം
നിശ്ശബ്ദതയിലലിഞ്ഞുകേൾക്കേ
ദൃശ്യമായ് ദൂരത്തൊരാളനക്കം
രണ്ടുകാലിൽ തുണിചുറ്റിയോർതൻ
കണ്ഠത്തിലെബ്ഭയമുച്ചരിപ്പൂ.
''എന്താണതെ''ന്നൊരുൽക്കണ്ഠ ശോണ–
സന്ധ്യയ്ക്കുപോലും മുഖത്തുദിപ്പൂ.
കൊന്നമരത്തിൽനിന്നൂർന്നിറങ്ങി
മണ്ണിലിരുന്നുടൻ ചാടിച്ചാടി
എത്തുന്നു കാകാതിഥേയമുഖ്യൻ
മർത്ത്യരൂപങ്ങൾതൻ സന്നിധിയിൽ.
''ഉണ്ടായതെന്തെ''ന്നൊരുത്തൻ; അപ്പോൾ
കണ്ടവൻ പല്ലു പുറത്തുകാട്ടി,
''കള്ളുകടയീന്നിറങ്ങിവന്നേ–
യുള്ളൂ വയോധികൻ: അപ്പൊഴേക്കും
ഒന്നു ഛർദ്ദിച്ചു; മറിഞ്ഞുവീണൂ;
കണ്ണുമടഞ്ഞു; കഥകഴിഞ്ഞൂ.''
''ആളാരെന്നാർക്കുമറിഞ്ഞുകൂടേ?''
''കേളപ്പശിഷ്യൻ: പ്രസിദ്ധനല്ലോ!''

# നിലപ്പനയുടെ പാട്ട്

**ഞാ**നൊരു വെറും നിലപ്പന, ഹേ, കരിമ്പനേ,

മാനിയല്ലല്ലോ 'കുടപ്പന'യെപ്പോലെപ്പോലും!
ഭൂവിൽനിന്നുയർന്നാകാശത്തിന്റെ കണ്ണിൽപ്പെടാ–
നാവില്ലിജ്ജന്മത്തെനിക്കെന്നു ഞാനറിയുന്നു.

പുലർകാലത്തെൻ ചുണ്ടിലിത്തിരി മഞ്ഞച്ചിരി
കിളരും നിർവ്വേദമായ്; മാനവാത്മാവാശ്ശൈത്യം
ചൂടിയാലായീ ദശപുഷ്പമാലയിൽച്ചേർത്തു
ചായലിൽ! നിൽപ്പൂ വരമ്പത്തെന്റെ വിനീതേച്ഛ.

ഞാനുയിർക്കൊണ്ടൂ പുതുമഴയ്ക്കിന്നലെ;യിനി
വേനലിൽക്കരിഞ്ഞു മണ്ണടിയാൻ ഭാവിക്കുന്നു.
കാട്ടുപന്നികളതിൻമുമ്പെത്തിത്തേറ്റക്കൂർപ്പാൽ–
ക്കാൽക്കീഴിൻ നിധിയാകെത്തുരന്നു വീഴുങ്ങുമോ?

താലവർഗ്ഗോത്തംസമേ, ഞാനൊരു വെറും താല–
മൂലിയാം, 'മുസലി'യെന്നുണ്ടൊരു പരിഹാസം;
മുസലത്തിലെബ്ബലമെങ്ങെ,ന്റെ തളിരോല–
മുനതൻ വിറപ്പനിയെങ്ങെ,ല്ലാമറിവൂ ഞാൻ!

ഞാനൊരിക്കലുമാളല്ലങ്ങയെപ്പോലാ നീല–
വാനത്തുമുൾപ്പട്ടകൾവിടർത്തി സ്ഥിതിചെയ്വാൻ!

നീ ഹരംപിടിപ്പിപ്പൂ പട്ടയിൽച്ചേക്കേറുന്ന
നിഹ്നുതൈശ്വര്യത്തിന്റെ മുഖരപ്രസാദത്താൽ.

താഴെ, നിൻ തൗര്യത്രികരോമാഞ്ചഭാവത്തിന്റെ
നാഴികയിൽ ഞാൻ നമസ്കരിപ്പൂ നിൻ പാദത്തിൽ,
വഴിപോം ചെരിപ്പിട്ടകാൽകൾതൻ നിരുദ്ദേശ–
ത്തൊഴിയാൽപ്പരിമൃദുമുതുകെല്ലൊടിയവേ.

ചെരിപ്പിന്നുടമകളല്ലയോ മലരും കൺ
ചെരിച്ചു നിൻ തോളത്തെ നൊങ്കിനെ ശ്രദ്ധിക്കുന്നു?
ഏണിവെച്ചേറിച്ചെന്നിട്ടതുടൻ പറിക്കുന്നു?
കാണികൊണ്ടതിലെത്തൂവെണ്ണകൾ നുണയ്ക്കുന്നു?

ശ്വേതശീതളദാനവീര്യത്തിൻ പ്രഭാവത്താൽ
പൂത,നാജന്മശ്യാമതാലോത്തംസമേ, താങ്കൾ!
പുറമേ പരുഷനാമങ്ങതൻ ദയാകന്ദം
പുരുഷാന്തരഗ്രീഷ്മർത്തുക്കളെക്കുളിർപ്പിക്കേ

നീർമരുതായീ കാലവാഹിനീകൂലത്തിന്നു
നീ പരശ്ശതവർഷസ്ഥാവരജീവാത്മാവേ!

അസിതപ്രതാപനെന്നാളുകൾ നിന്നെപ്പറ്റി–
യഭിനന്ദനഗാനം തൂവിക്കൊണ്ടിരിക്കുമ്പോൾ
മരിച്ചേക്കാം നീയെങ്കിൽക്കൂടിയും മനുഷ്യർക്കു
പുരയ്ക്കു കഴുക്കോൽ ചീനാഞ്ചിയുത്തരമായി
ഭവിച്ചീടാവൂ ഭൗതികാവശിഷ്ടമെന്നല്ലോ
ഭവൽപ്രാർത്ഥന, കാലിൽക്കോടാലി വീഴുമ്പോഴും!

നിന്റെ നട്ടെല്ലിൻ ബലമാരറിവൂ! നിൻ ത്യാഗ–
ത്തിന്റെ മുമ്പിൽ ഞാനെത്രയശുവെന്നറിവൂ ഞാൻ!

# ഒരിറ്റു മഷി

**മേ**ശമേൽപ്പൊടിയിൽഗ്ഗാഢം നിദ്രകൊള്ളുന്ന തൂലിക

എഴുന്നേൽക്കുകയോ വീണ്ടും സ്വർണ്ണപ്പല്ലിലുഷസ്സുമായ്
പ്രബുദ്ധഹൃദയത്തിന്റെ ശിവതാണ്ഡവമാടുവാൻ
കണ്ണുനീരിൽ ജ്വലിക്കുന്ന ബഡവാഗ്നി കെടുത്തുവാൻ?
കടലാസ്സിന്റെ നരയിൽ നൃത്തമാടുന്ന തൂലികേ,
കുറിക്കയോ നവോത്ഥാനസംഗീതമധുരാക്ഷരം?

കാതിനുള്ളിൽക്കരകരെ
നരച്ച കടലാസിന്മേൽ തപ്പിത്തപ്പിനടക്കവേ
ഏതോ വിദൂരതയിൽനിന്നിടിവാളൊന്നു മിന്നിയോ?
വിരൽപ്പൂട്ടിലനങ്ങാതെ നിൽക്കും പേന കഥിക്കയായ്
പ്രബുദ്ധതയിലാളുന്ന ബുഭുക്ഷയുടെ സങ്കടം:
''തോടുപൊട്ടിപ്പുലരൊളിക്കുളിർകോരിയ മാത്രയിൽ
കോഴിക്കുഞ്ഞു വിടർത്തുന്ന കൺകളിൽകൂടി നോക്കി ഞാൻ.
ചവർ* വീഴും മുമ്പെണീറ്റ തള്ളതൻ കൊമ്പിലെ ത്വര
എഴുന്നേൽപ്പിച്ചിടും കാളക്കിടാവിൻ കൈകൾ കൂപ്പി ഞാൻ.
ഇമകൂമ്പിയ കുഞ്ഞിന്റെ പനിനീർപ്പേലവാധരം
സ്പർശിക്കുമ്പോൾച്ചുരക്കുന്ന കാരുണ്യത്തെ വിളിച്ചുഞാൻ:
''എവിടെപ്പോയെൻ സിരയിൽപ്പണ്ടു മൂളിയ വീണകൾ?

പഞ്ചഭൂതങ്ങളെ,പ്പഞ്ചതന്മാത്രകളെയെന്നപോൽ
പഞ്ചപഞ്ചജ്ഞാനകർമ്മേന്ദ്രിയങ്ങളെയുമെന്നപോൽ
ഇരുപത്തൊന്നാ**മതെന്റെ മനസ്സും പിന്നിലാക്കി ഞാൻ
നിന്റെ നിത്യത്രിമധുരാനന്ദസത്തിലുറങ്ങവേ
ഉണർത്തിയെന്തിനിസ്സംസാരത്തിലേയ്ക്കെന്നെയംബികേ,
ഒരിറ്റുമഷി തേടുന്ന വിശപ്രാന്തായ്ജ്വലിക്കുവാൻ?''

കടലാസ്സുരയും തൂവൽമുനയിൽക്കേൾപ്പിതിപ്പൊഴും,
''ഒരിറ്റു മഷി തന്നാലുമൊരിറ്റു മഷിയംബികേ!''

## പ്രേമം

'എനിക്കു ഭയങ്കര പ്രേമമീക്കിഴവിയോ–
ടെ,ന്തുകൊണ്ടെന്നോ? രണ്ടുമുഴുവൻ കൊല്ലം  ഞങ്ങൾ
പഠിച്ചാ,രൊന്നാംക്ലാസ്സിലൊരു ബഞ്ചിന്മേൽത്തന്നെ
ശഠിച്ചു നാരായവേർ പായിച്ചു വാണാർ ഞങ്ങൾ.

നിലച്ചീലിപ്പോഴുമെന്നിടത്തേക്കൈകാൽവണ്ണ–
വിലക്കം, ഇത്തള്ളതൻ വലത്തേക്കൈകാൽകൾതൻ–
തൊഴിയും കുത്തും വന്നിട്ടുലക്കച്ചുറ്റെന്ന പോൽ–
പ്പൊഴിഞ്ഞിട്ട,താരോടും പറയാതിരുന്നിട്ടും.

പാവമായിരുന്നൂ പെണ്ണു,റക്കം തൂക്കും പക്ഷേ,
പാഠങ്ങൾ തുടങ്ങിയാൽപ്പിന്നെ ബല്ലടിപ്പോളം
എനിക്കാദ്ദുശ്ശീലമില്ലെങ്കിലും, ഗുരു ചോദ്യ–
മെറിഞ്ഞാൽ, ച്ചുമ്മാ ചിരിച്ചങ്ങനെയിരിക്കും ഞാൻ,

ചോദിച്ചതെന്നോടാണെന്നറിയാഞ്ഞാവാം, ചൂര–
ലോടിയ പുറമെന്റേതല്ലെന്ന ഭാവത്തോടെ
രാരപ്പൻ ചിരുകണ്ടനോടതു പറയുമ്പോൾ
കേറുന്നൂ മടയിലെപ്പാറക്കല്ലൊതുക്കുകൾ

മുടിയിൽക്കർച്ചീഫിട്ടു തെരികപ്പുറത്തെട്ടും
പതിനാറും പോരുന്ന വെട്ടുകല്ലുകളേറ്റി
വലയും ചിരുതമ്മ ലുങ്കിതൻ കഞ്ഞിപ്പശ–
യുലഞ്ഞും വള്ളിച്ചെരിപ്പിടറാതെയും മെല്ലെ!

മുകളിൽച്ചെന്നിട്ടവൾ നിമിഷം നിൽപൂ, കണ്ണിൻ
മുനയെകവണക്കല്ലെന്നപോൽപ്പെട്ടെന്നവ–
ളെറിവൂ, താഴെപ്പിക്കാസേന്തിയ കൈകൾക്കൊപ്പം
വിരിയും രാരപ്പന്റെ കണ്ണിൽച്ചെന്നതു കൊൾവൂ.

ചിരുകണ്ടന്നാക്കാഴ്ച കണ്ടപ്പോൾച്ചുണ്ടത്തൊരുൾ–
ച്ചിരി പാഞ്ഞുവോ? നല്ല നിശ്ചയമില്ലെങ്കിലും,
ലുങ്കി ചുറ്റിയ പെണ്ണാൾ തിരികേ വന്നെത്തുമ്പോൾ
തങ്കുന്നൂ പുകയുന്ന സിഗററ്റാണാച്ചുണ്ടിൽ!

കൈകളിൽക്കെടുക്കാത്ത ലൈറ്ററും! പിക്കാസേന്തും
കൈകളിൽത്തരിപ്പോടെ രാരപ്പൻ നിലക്കൊൾവൂ:
എവിടുന്നിപ്പോൾപ്പെണ്ണാസ്സാധനം രണ്ടു തപ്പി–
യെടുത്തൂ രാരപ്പന്നതറിയായ്കയില്ലെ,ന്നാൽ

ഏറുന്നൂ ധിക്കാരമെന്നുരിയാടുവാൻ നാവു–
പേരുന്നില്ല, വൻ നിൽപു സ്കൂൾക്കുട്ടിച്ചിരിയോടെ,
ചിരുകണ്ടനോ, ചുണ്ടിൽ സുസ്പഷ്ടം വിരിഞ്ഞ പു–
ഞ്ചിരി മറ്റാരും കണ്ടില്ലെന്നു നിശ്വസിക്കുന്നു!

## ശനിദശയിൽ

ആമുഖമീമുഖമേതൊരു മുഖവും

പുരികച്ചുളിവാലെ–
ന്താക്ഷേപശരം വർഷിച്ചിടുവാൻ?
ശനിദശ കേഴുന്നു.

ഏതു വികസ്വരഫാലം ദുഃഖ–
ച്ചുളിവണിയുമ്പോഴും
സ്ഫീതവിഷാദം മോന്തിയ ഹൃദയം
നടുങ്ങി നിൽക്കുന്നു.

'മാ സംഗം ദൃശ്യാദൃശ്യങ്ങളി'–
ലെന്നു നിദേശിക്കും
മഹർഷിഹൃദയങ്ങളിലേക്കോടി–
ക്കിതച്ചു ചെല്ലുമ്പോൾ

ആയിരമിതളായ് വിടരും സുരഭില–
ശൂന്യത ചൊരിയും ദി–
വ്യാനന്ദത്തിൽ മരിപ്പൂ, പിന്നെ–
പ്പുനർജ്ജനിക്കുന്നു.

ആമുഖമീമുഖമേതൊരു മുഖവുമ–
നശ്വരസത്യത്തിൻ
അനന്തസൗഭഗം: അറിവൂ നശ്വര–
നമ്രാഹങ്കാരം.

## കടുകല്ല

വത്തുവർഷത്തിൻ മുമ്പു പൊഖറാനിലെ ഖില–

പൃത്ഥിഗർഭത്തിൽ പരമാണു വിച്ഛിദ്രിച്ചപ്പോൾ

കരളിൽ കണ്ണുള്ളവർ കണ്ടുപോൽ, ആകാശത്തു
നിറയും പീതാംബരശോഭയിൽ സ്ഫുരിക്കുന്നൂ

കാതോളം നീലച്ചെന്താമരകൾ വിടരുന്ന
കാഞ്ചനസ്വരൂപം, ആ മംഗളവദനത്തിൽ

വാടിയ പനീർപ്പൂവിലിരുട്ടിൻ മഴച്ചാറൽ
വാങ്ങിനിൽക്കവേ വീണ പിൻനിലാവലപോലെ

മുനിവൂ മന്ദസ്മേരമുഹൂർത്തം മൃദുലാശ്രു–
കണകാന്തിപൂഞ്ജത്തിൽ; ആരപ്പോളോടിച്ചെന്നു

മുകിലിന്നൊതുക്കുകൾ ചവിട്ടിക്കയറുന്നൂ,
മുട്ടു കുത്തുന്നൂ, പാദപാംസുവിൽ സ്നാനംചെയ്വൂ?

അടക്കിച്ചേർത്തിട്ടുണ്ടാ മഴവില്ലൊളി, തൻ മാർ–
ത്തടത്തിലൊരു മരവിച്ച കുങ്കുമച്ചെണ്ടോ?

ഒഴുകും കണ്ണീർ വറ്റാക്കൺകളാണവൾക്കെ,ന്നാ–
ലൊരിളംചിരിയാൽ ദീപിക്കയും ചെയ്‌വൂ വക്ത്രം.

''എത്രയോ സഹസ്രാബ്ദമക്ഷാംശധ്രുവാംശങ്ങ–
ളത്രയും മെതിച്ചു കാൽ കഴച്ച മഹാഭാഗേ,

കിട്ടിയോ കടുകെ'' ന്നു യമി ചോദിപ്പൂ; ''സ്വാമീ,
കിട്ടി''യെന്നവൾ വലംകൈമലർ മലർത്തുമ്പോൾ

''നോക്കട്ടെ'' യെന്നദ്ദേഹം കടുകിൽ കണ്ണോടിക്കെ
കേൾക്കുന്നതെന്താണമ്മ?''ഇതണുസ്ഫോടം മാത്രം!''

# വിവേകാനന്ദൻ ആര്?

''ആരാണച്ഛാ, വിവേകാനന്ദ''നെന്നോ നിന്റെ സംശയം?

നിത്യാനിത്യവിവേകാനന്ദാംഭസ്സിൽ വിലയിച്ചവൻ!

ലയിച്ചാലും ശിലാതുല്യസത്യമായ് നിലനിൽപ്പവൻ;
അസത്യമുള്ളത്രകാലം നിലനിൽക്കാനുറച്ചവൻ!

മുഴുതിങ്കൾ നിലാവായിബ്ഭാവിലോകാന്തരങ്ങളിൽ
മുഴങ്ങും ശംഖനാദത്തിൻ മുഖരശ്രുതിയായവൻ!

ഝഝഝ

നിത്യമെന്താണെ,ന്തനിത്യമെന്നല്ലേ ശങ്ക പിന്നെയും?
നാശമുള്ളതനിത്യം, നിത്യമോ നാശപ്പെടാത്തതും.

നശിക്കുന്നൂ മരം ജന്തുമനുഷ്യൻ, ശില, ലോഹവും
ചന്ദ്രാർക്കതാരാദിഖരഖേചരാവലികൂടിയും.

അസംഖ്യേയങ്ങളീ രൂപങ്ങളിലേകനിയാമകം
മിടിക്കുന്നൂ ചുമരിലെ ക്ലോക്കിൻ നിമിഷസൂചിപോൽ.

ഝഝഝ

ആ നാദബിന്ദുക്കളിലുണ്ടോങ്കാരദ്ധ്വനി; കേൾക്കുവാൻ
കൂർപ്പിച്ചുകൊണ്ടിരുന്നാലുമാന്തരശ്രവണങ്ങളെ.

അലങ്കരിച്ചാലുമോരോ നിമിഷത്തെയുമോമനേ,
ആ നിത്യവസ്തുവിൻ നാമമുച്ചരിക്കുന്ന ജിഹ്വയാൽ.

അതാതു നിമിഷത്തിന്റെ കർമ്മചോദനകൾക്കു നീ
അരുളും സ്വാഗതം സോത്സാഹമാപ്പാവനചര്യയാൽ.

ഝഝഝ

'അസാദ്ധ്യ'മെന്ന വാക്കപ്പോൾ മായുന്നൂ നിൻ നിഘണ്ടുവിൽ;
'എനിക്കു വയ്യെ'ന്ന മൊഴി മറക്കുന്നൂ മനോബലം.

കണ്ടെത്തുമന്നു നീ ലോകമാതൃവാത്സല്യവാഹിനി
കാണുന്ന വസ്തുക്കളിലൊട്ടുക്കുമുന്മേഷധന്യമായ്.

ആ വിവേകാനന്ദവായ്പാൽ മല കീറിക്കടക്കവേ
കടൽ ചാടിക്കടക്കുമ്പോൾ കാണുന്നൂ നിന്റെ ശക്തി നീ.

ഝഝഝ

ആ വിവേകാനന്ദവായ്പിൽ വരും തലമുറയ്ക്കു നീ
ബലം നൽകീടവേ കേൾക്കാം: ‘‘വിവേകാനന്ദനാണു നീ.’’

## യജ്ഞപ്പക്ഷി എവിടെ?

നാട്ടിലൊക്കെയും കൊന്ന പൂത്തപ്പോൾ
കാട്ടുപക്ഷിതൻ ഗർജ്ജനം:
‘‘വെട്ടിനീക്കീ മനുഷ്യ,നീശ്വരൻ
നട്ട വൃക്ഷങ്ങളത്രയും!
അക്ഷയാനന്ദവാഹി, വാസന്ത–
യജ്ഞകാലപ്രവാചകൻ
ഇക്ഷണം വരും, നിശ്ചയം വിഷു–
പ്പക്ഷിയെന്നു പേരുള്ളവൻ!
ആ നവാബ്ദസന്ദേശകാരനെ
ഞാനെവിടെയിരുത്തണം?
ഏതു കൊമ്പത്തിരുത്തിയൂട്ടണ–
മേതു പച്ചത്തളിർപ്പു ഞാൻ?
ഏതു പക്വം കൊടുത്തവന്നു ഞാ–
നോതുമീ നാട്ടിൻ സ്വാഗതം?’’

ൟൟൟ

ഗുരുവായൂരപ്പൻ തൻ കൊടിമരത്തുമ്പത്തെ–
ഗ്ഗരുഡനോടപ്പോൾപ്പറഞ്ഞു മന്ദം:
‘‘പറകനീയാക്കാട്ടുപക്ഷിയോടിങ്ങോട്ടു
വരുവാനിവിടെബ്ഭജിച്ചുകൂടാൻ!
കറിവേപ്പു വളരെയില്ലിവിടെ,യെന്നാലുമി–
ക്കടലോരത്തുണ്ടല്ലോ കല്പവൃക്ഷം.
പണ്ടു നെൽപ്പാടങ്ങളായിരുന്നേടത്തും
കണ്ടില്ലേ തെങ്ങിന്നുയർന്നുനിൽപ്പൂ!
നിത്യമിക്കോവിലിൽനിന്നൊഴിവാക്കുന്ന
നിർമ്മാല്യവും നന്നെ മോശമല്ല.
പറകനീയാക്കാട്ടുപറവകളോടിങ്ങു
വരുവാ,നിവിടെബ്ഭജിച്ചുകൂടാൻ!
യജ്ഞപ്പറവയെസ്നേഹിച്ചീടുന്നവ–
രജ്ഞാനകുക്ഷികളാകവയ്യ!
എന്തിനല്ലെങ്കിലീ വിസ്തരം? പക്ഷിക–
ളെന്റെ പാദാശ്രിതരായ് വരട്ടെ.
തുഞ്ചന്റെ തത്ത പണ്ടെന്നെബ്ഭജിച്ചല്ലീ
പഞ്ചവർണ്ണക്കിളിയായി മാറി?’’

ൟൟൟ

കൊടിമരമുകളിൽഗ്ഗരുഡൻ സ്വർണ്ണ–
ക്കൊക്കാ ഞൊടിയിൽ വിടർത്തുന്നു:
‘‘കാട്ടുപക്ഷികളെല്ലാം വരുവിൻ
പാട്ടുപാടിബ്ഭജനമിരിപ്പിൻ!

കരുണാവാരിധി കണ്ണൻ തിരുവടി
ഗുരുവായൂർക്കു വിളിക്കുന്നു!
കൽപ്പകവൃക്ഷക്കാട്ടിലിരിക്കും
കണ്ണൻ മാടിവിളിക്കുന്നു!

ദ്വാസുപർണ്ണാമന്ത്രം മൂളും
ദ്വാപരാത്മകദംബത്തിൽ
അമ്പാടിയിലെപ്പൈക്കൾ ചുരത്തിയ
പൈമ്പാലുണ്ടുവളർന്നില്ലേ

പണ്ടൊരു കായാമ്പൂവൊളി? ആക്കൽ–
ക്കണ്ടക്കരളിന്നുടമസ്ഥൻ
ഇന്നമരുന്നൂ ഗുരുവായൂരെ
സ്വർണ്ണശ്രീകോവിലിലല്ലോ!

പുന്നത്തൂരെക്കോട്ടയിലുണ്ടീ–
ക്കണ്ണൻ പോറ്റിവളർത്തുന്നൂ
നാൽപ്പതിലധികം കൊമ്പന്മാരെ,
പ്പാപ്പാന്മാരെയുമലിവോടെ

കാരണമെന്താ? പണ്ടൊരു കൊമ്പൻ
കാട്ടിൽപ്പൊയ്കയിൽ വിഹരിക്കെ
മുതല കടിച്ചൂ കാലിന്മേലാ–
ക്കഥയറിയില്ലേ നിങ്ങൾക്കും?

ഇതികർത്തവ്യതയെന്താണെന്നൊരു
ഗതികേടെന്നാൽത്തീണ്ടീലാ
അക്കരിവരനെ,സ്സംഭവമെന്തെ–
ന്നറിയാമല്ലോ നിങ്ങൾക്കും.

തുമ്പിക്കൈകൊണ്ടുടനേതാനാ–
ക്കൊമ്പൻതാമര പൊട്ടിച്ചു,
കണ്ണീർകൊണ്ടതു കഴുകീ, പിന്നെ–
ക്കണ്ണന്നാ മലരർപ്പിച്ചു.

ചക്രായുധനാഗ്ഗജവീരന്നും
നക്രത്തിന്നും നൽകുന്നൂ
ശാപമോക്ഷം നിമിഷാർദ്ധത്താൽ
ശാന്തിയവരെപ്പുൽകുന്നൂ.

യജ്ഞപ്പക്ഷിയെ മാനിച്ചവരേ,
യജ്ഞേശ്വരനാണിദ്ദേഹം;
ഇദ്ദേഹത്തിൻ ചേവടിമലർകളി–
ലർപ്പിച്ചിടുവിൻ സാമോദം
നിങ്ങടെ ജീവിതഭാരം; പിന്നെ
സ്സങ്കടമെന്തെന്നറിയേണ്ടാ!''

ഊഊഊ

വൃക്ഷലതാശൂന്യമായ സഹ്യപർവ്വതത്തിൽ
പക്ഷികളീ പ്രേമമന്ത്രം കേട്ടുകൊണ്ടിരിക്കെ
ഭക്തികൊണ്ടസ്സുവിനീതഹൃത്തുകൾ തുളുമ്പീ
യുക്തികൊണ്ടബ്ബുദ്ധികളിൽ ശുദ്ധികളുണർന്നു.

പുലരി ചോക്കും മുമ്പു മലമ്പുഴയിലാണ്ടു മുങ്ങി
പുളകദമാം കീർത്തനത്തിൽ ചിറകടിച്ചുപൊങ്ങി
നിരനിരയായ് നിരൃതികോണിലേക്കു നീങ്ങിച്ചെന്നു
ഗുരുപവനപത്തനത്തിൽ കൊടിമരത്തിൽച്ചേർന്നു,

''ഗുരുപവനപുരം വാഴുമുടയതമ്പുരാനേ,
ചരണദാസ്യം കൈവരിച്ച കാട്ടുപക്ഷികൾ ഞങ്ങൾ!
കൊടിമരത്തിൽ മേവും സ്വർണ്ണഗരുഡസാന്നിദ്ധ്യത്തിൽ
പിതൃഗൃഹത്തിൽപോലെ നിത്യസുഖികളല്ലോ ഞങ്ങൾ.

ഞങ്ങൾ വലംവെച്ചിടുന്നു കുലപതിതൻ സ്വർണ്ണ-
മംഗലസ്വരൂപമീ വിഷുപ്പുലരിയിങ്കൽ.
അങ്ങയുടെ വാഹനമിഗ്ഗരുഡഭഗവാനെ
ഞങ്ങളിനിപ്പുലരിതോറും തുയിലുണർത്തിക്കൊള്ളാം.

ഞങ്ങളുടെ വംശമല്ലോ ഗരുഡനെന്നിരിക്കെ
ഞങ്ങളും ഭവാന്റെയിഷ്ടവാഹനങ്ങളല്ലോ
ആനകളെ കാത്തരുളുമങ്ങതൻ നീൾക്കണ്ണിൽ
അണ്ഡജവും പെട്ടതസ്മൽപൂർവ്വജന്മപുണ്യം.

ഇങ്ങു നെൽപ്പാടങ്ങൾ തോറും തെങ്ങുനട്ട മർത്ത്യർ-
ക്കങ്ങയുടെ വേണ്ടുകയാൽ നന്മ വിളയട്ടെ!
കാടുവെട്ടി നശിപ്പിക്കും കഠിനതയെ ഞങ്ങൾ
പാടെ മറന്നേക്കാം; പക്ഷേ, മായുകില്ലീ ദുഃഖം:

എങ്ങു, 'യജ്ഞം പുറപ്പെട്ടു' വെന്നു, വർഷാരംഭ-
ത്തിങ്ങളിലിവിടെയെത്തും കുരുവികളീയാണ്ടിൽ?''

# നിത്യതയുടെ മന്ത്രം

**പു**ല്ലിൽ നീ കണ്ടെത്തുന്നു പുളകം, പുളകത്തി-
ലല്ലികൾ വിടർത്തുന്ന കാരുണ്യമുക്താബിന്ദു.

മുള്ളിൽ നീ നുണയ്ക്കുന്നു ഗരളം, ഗരളത്തി-
ന്നല്ലിലോ, മുഗ്ദ്ധസ്മേരമുദിയ്ക്കുമുഷശ്ശാന്തി.

അറിവെന്താണെന്നന്വേഷിച്ചു നീ കണ്ണീരിന്റെ
യുറവിൽ കണ്ടെത്തുന്നു മുഗ്ദ്ധതാരകമന്ത്രം.

തിറമേ തേടിച്ചെന്നു തീപ്പൊള്ളലേൽക്കും ജ്ഞാന-
തിലകം തിളയ്ക്കുന്ന കാലമായൊഴുകുന്നു.

വേരിയിൽ വേരോടുന്നൂ വെണ്ണിലാവൊളിപെയ്യും
വേദന; അപ്പോൾ സ്നേഹവാരിധിമാത്രം വിശ്വം.

# സർഗ്ഗദർശനം

**വേ**ണം കാവ്യപ്രഭവമുണരു-
മ്പോഴുമങ്ങാടിയിൽപ്പോയ്
തൂണും ചാരീത്തരികിട; അയൽ-
പ്പാലു[1]തേടും കഴപ്പും
ആണാമെൻ കാലടിയിൽ; അളമാ-
റപ്പശുപ്പാലിലെ[2]ക്കെ-
പ്പാണ,ല്ലെങ്കിൽക്കുടലുവരെയും
ചായ മോന്തുമ്പൊഴേക്കും.

പട്ടർക്കെപ്പുണ്യരുചി[3]കളിയാ-
ടാത്തതാണെന്നടുപ്പി, -
ങ്ങുട്ടുണ്ണൂലിത്തരിവള[4]കിലു-

ങ്ങാറുമില്ലങ്കണത്തിൽ,
ഒട്ടാകെക്കൂമ്പടയുമിനി നെൽ–
പ്പാടവും; കോളർവെള്ള–
ഷ്ഷർട്ടിൽ[5]ക്കോരിച്ചൊരിചുടുവിയ–
ർപ്പ്[6]ല്ലി പൗരത്വമിപ്പോൾ?

കാലിൽസ്സൈക്കിൾ ഭ്രമണകല[7]യാ–
പ്പെട്ടബാല്യം പറഞ്ഞൂ,
''മേലിൽസ്സൈക്കിൾഭ്രമകല[8] നമു–
ക്കത്ര യോജിച്ചതല്ല,''
കാലം പോയാണമളിയറിവൂ:
സൈക്കിളേറുമ്പൊഴേയ്ക്കി–
ന്നാലിൻകൊമ്പിൻ വിറകളുടലിൽ;
ക്കാലെലിമ്പാശ്രയം മേ!
''അർദ്ധായുസ്സാംവരെയുമെഴുതി–
ക്കൊണ്ടു ജീവിച്ചുവെങ്കിൽ–
സ്സിദ്ധം ശ്വാസോച്ഛ്വാസനസദൃശം
താദൃശന്നാ പ്രയോഗം;
വൃദ്ധന്നെന്താ കവിത വെറുതേ
തന്നു കാലീനസംസ്കാ–
രോദ്ധർത്താവായ് ഞെളിവതിലെതി–
ർപ്പെ''ന്നു കാലാസ്ത്രപാതം.

വൃദ്ധൻ പക്ഷേ, കുപിതമൊരപാ–
നോൽബ്ബണവ്യാധികൊണ്ടും
ദഗ്ദ്ധോന്മേഷച്ചിതയിലൊഴുകും
കണ്ണുനീർക്കുത്തുകൊണ്ടും
ഗൃദ്ധ്റംപോലെശ്ശിരസി വളരും
മൃത്യുഭാരാർത്തികൊണ്ടും
മുഗ്ദ്ധബ്രഹ്മപ്രകൃതിവിവശം
പുഞ്ചിരിക്കൊൾകമാത്രം.

എന്തേ നേടീ വിഗതശതകാ–
ർദ്ധത്തിലന്തർവിനീതി–
ച്ചിന്തിൻ സ്വർണ്ണച്ചിറകു കുതിരെ–
പ്പെയ്ത വേർപ്പിൻകണങ്ങൾ?
ചിന്തിച്ചാലാപ്പൊടികളിഴുകി–
ച്ചേർന്നിടുന്നൂ, സമുദ്ര–
ച്ചന്തം ചീറിച്ചിരിനുര ചൊരി–
ഞ്ഞെന്നെ മൂടാൻ വരുന്നൂ.

എന്തിന്നായിട്ടെഴുതിവിടുവേ–
നിച്ചിളോകങ്ങളിപ്പോ–
ളെന്നാരാഞ്ഞാലടിമുടി വിയർ
ത്തേയ്ക്കുമെൻ പ്രജ്ഞപോലും!
ഒന്നാശ്വാസം: പഴയ കവന–
ങ്ങൾക്കെഴും ഹേതുവെന്താ–
ണെന്നായാലും പറയുകവിഷ–
ഹ്യം മയാ സർഗ്ഗതത്വം.
ആടീ പാടീ കവിതയെഴുതീ
ചിത്രണം ചെയ്തു പിന്നീ–
ടാവശ്യത്തിന്നതിരിലുളിവെ–

ച്ചാരചിച്ചു പ്രരൂപം
ആകാശത്തെ ഗ്രഹനില ഷഡാ–
ധാരചക്രം തിരിച്ചി–
ട്ടാനന്ദിക്കും ഘടികയിൽ നരൻ
പണ്ടുതൊട്ടെന്തിനാവോ!

ഞാനുണ്ടാവുന്നതിനു വളരേ
മുമ്പുമുണ്ടായിരുന്നൂ
ഞാ,നെൻ പേരായ് നഭസി പല വാ–
ക്കും വിളിക്കൊണ്ടിരുന്നൂ,
ഞാനില്ലാതാമിനിയുമവിദൂ–
രസ്ഥകാലത്തു പക്ഷേ,
ഞാനുണ്ടാവും കവിത കളിയാ–
ടുന്ന കണ്ണീരിലന്നും.

ജീവാധാരപ്രകൃതിഹൃദയാ–
ഹ്ലാദസന്ദോഹസത്തേ,
ഭാവാഭാവപ്രളയസമയാ–
വിർഭവൽപ്രാണഭൃത്തേ,
ദേവീ, സാരസ്വതമയസുധേ,
നിന്റെ പുണ്യപ്രവാഹോദ്–
ഭാവത്തിൻ വേർപ്പിവനു പറയാ–
നാവതോ നിൻ പ്രമാണം?

# ഗുരുവായൂർബസ്സിൽ

ഓടി ബസ്സു ശരംപോലെ, എന്നിട്ടും
ചൂടു ചോലയായ് ഷർട്ടു കുതിർക്കുന്നു;
സംക്രമത്തിന്നു മുമ്പെയിമ്മാസത്തെ–
സ്സങ്കടങ്ങൾ ഗുരുപവനേശന്റെ
സന്നിധിയിൽ സമർപ്പിതമാകുമോ?
കണ്ണുനീരിൽക്കിളരുന്നു നാമങ്ങൾ!
'കൂറ്റനാടെ'ന്നു കണ്ടക്റ്റർ പെട്ടെന്നു
കൂക്കിയപ്പോളുളവായ ഞെട്ടലിൽ
ചീറ്റിടുന്നിതാ, കാന്താരചന്ദ്രിക–
യേറ്റു മിന്നിത്തിളങ്ങും കൊലക്കത്തി!
പണ്ടിവിടെവെച്ചല്ലോ ഭഗവാനെ–
ക്കണ്ടു മങ്ങാട്ടെയച്ചനായ് പൂന്താനം!

ബസ്സു വീണ്ടും കിതയ്ക്കവേ നാമത്തിൻ
നൊസ്സിലാരാഞ്ഞുപോകയാണിങ്ങനെ:
കുംഭരാശിയിൽസ്സൂര്യൻ നിലക്കൊൾകെ–
സ്സംഭവിപ്പോനപുത്രനായ്പ്പോമെന്നും
മേടരാശിയിൽ ചന്ദ്രൻ നിലക്കൊൾകെ–
ജ്ജാതനാം ശിശുവിന്റെ കൈവെള്ളയിൽ
ശക്തിരേഖയുണ്ടാമെന്നുമുള്ള പൂ–
ർവോക്തി സത്യമാണ,ല്ലയോ പൂന്താനം?
ആറ്റുനോറ്റിട്ടൊരുണ്ണിയുണ്ടായതു

ചോറ്റുകൂനയ്ക്കടിയിൽ മരിക്കവേ,
രിഷ്ടയാമാ വിഷാദത്തിലെ ജ്ഞാന–
ദൃഷ്ടി പുഷ്കരംപോലെ വിടർന്നപ്പോൾ
ശക്തിരേഖയിൽനിന്നു ലോകൈകനിർ–
മ്മുക്തി സൗരഭപ്പാന കിളർന്നല്ലോ:
'കൃഷ്ണ, കൃഷ്ണ, മുകുന്ദ, ജനാർദ്ദന,
കൃഷ്ണ, ഗോവിന്ദ, രാമ, എന്നിങ്ങനെ!

കേട്ടറിവതുണ്ടിന്നും മലയാള–
നാട്ടിലെപ്പുൽച്ചെവികൂടിയാ സ്വരം
അപ്പൊഴെല്ലാം നുണയ്ക്കയും ചെയ്യുന്നി–
തങ്ങതൻ പൂർവ്വജന്മകഥാമൃതം.
ഗുർജ്ജരത്തിങ്കൽപ്പണ്ടൊരു ദാരിദ്ര്യ–
ജർജ്ജരസുദാമാവായിരുന്നവൻ,
ദ്വാരകയിലെബ്ഭൂതാനുകമ്പയെ
മാറിലെച്ചുടുവേർപ്പിൽപ്പുണർന്നവൻ,
ജാതനായ് വീണ്ടുമീ മലനാട്ടിൽ മാ–
ന്ധാതൃഭൂമിതൻ പുണ്യമായല്ലയോ?
എന്തിനാണതെന്നങ്ങതൻ ജാതക–
ചന്ദ്രസൂര്യസ്ഥിതികളിൽബ്ബിംബിപ്പൂ:
ചന്ദ്രനിൽനിന്നു സൂര്യനേകാദശ–
മന്ദിരത്തിൽ സ്ഥിതിചെയ്ക കാരണം
അങ്ങയെപ്പോലെസ്സമ്പന്നനില്ലി,ന്നും
തിങ്ങിവിങ്ങുന്നു കാലവിഹായസ്സിൽ
അങ്ങു നേടിയ നിത്യയശോധനം,
അങ്ങുപാർജ്ജിച്ച ഭക്തിതൻ കാഞ്ചനം!
അങ്ങയെപ്പോലെ പുത്രവാനാരി,ന്നും
ഞങ്ങളാം ശിശുപ്രായർതൻ ശ്രോത്രത്തിൽ
മാറ്റൊലിക്കൊൾകയല്ലയോ പൈതൃകം
വാറ്റിയ ജ്ഞാനസത്തതൻ പാനകം,
'ഇന്നലെയോളമെന്തെന്നറിഞ്ഞീല,
ഇന്നി നാളെയുമെന്തെന്നറിഞ്ഞീല!'

എങ്കിലും ഞങ്ങൾ ഞാൻ നീയവനെന്നു–
മെന്റെ നിന്റെയവന്റെയെന്നും വൃഥാ
ഒച്ചവെക്കുന്നു, മൊച്ചക്കുരങ്ങുപോൽ
പുച്ഛനാട്യത്തിൽ കൊഞ്ഞനംകാട്ടുന്നു;
കുപ്തനായിത്തലകൊയ്തെടുക്കുന്നു
ശപ്തനാമപരന്റെയും തന്റെയും.
പേരതിന്നു രാഷ്ട്രീയമെന്നായി; നാ–
നൂറുകൊല്ലം കൊണ്ടത്രതാനുൽഗതി!
നേട്ടമുണ്ടൊന്നുകൂടി: പണ്ടങ്ങയെ
കൂറ്റനാട്ടു തടുത്തുവെച്ചീടവേ
നേർക്കു നീണ്ടതു കത്തിയാണി,ന്നു കൈ–
ത്തോക്കുതാൻ ഞങ്ങൾ കൈകാര്യം ചെയ്യുന്നു!

എങ്കിലും ഗുരോ, പാതിരാപ്പായിൽസ്സർ–
വ്വാംഗവൈക്ലബ്യം വീണു മയങ്ങുമ്പോൾ
അങ്ങയെക്കുറിച്ചോർക്കുന്നു, മൂകമാ–
യെങ്കിലുമുരുവിട്ടുകളയുന്നു:
'കൃഷ്ണ, കൃഷ്ണ, മുകുന്ദ, ജനാർദ്ദന,
കൃഷ്ണ, ഗോവിന്ദ, രാമ,' എന്നിങ്ങനെ!
കേശവായ നമസ്സാൽ പ്രബുദ്ധരായ്
മാധവായ നമസ്സിലെത്തും വരെ
ബസ്സിലല്ലെങ്കിൽ മറ്റൊരു സാമൂഹ്യ–
ദുസ്സഹാവസ്ഥ നാറും ചുടുവേർപ്പിൽ

പാതിയും, മരവിച്ചുപോമായുസ്സിൻ
വ്യാധിയോ, ലജ്ജവിട്ടു ജപിക്കുന്നു.
ആരയനമാക്കീടിനാനാദിയിൽ
നാരമാപ്പൊരുളിന്റെ തിരുനാമം!
ആയിരക്കണക്കായിട്ടതു ജപി–
'ച്ചാകെ നഷ്ടമല്ലിന്നെ'ന്നൊരുവിധം
ആശ്വസിക്കും യുഗധർമ്മബന്ദിക–
ളങ്ങയോടിന്നു നന്ദി പറയട്ടെ:
ഹേ, മലയാളകാൽപ്പനികത്വത്തിൻ
താമരക്കുളച്ചേറ്റിന്നടിത്തട്ടിൽ
ആദ്യവിത്തിട്ട വിശ്വമഹാകവേ,
അങ്ങയോടവർ നന്ദി പറയട്ടെ!

വിത്തമെന്ന വിധിയുടെ ചങ്ങല–
ക്കെട്ടു കാലിൽക്കുരുങ്ങിക്കിടക്കയാൽ
ഇപ്പൊഴും ഞങ്ങൾ വിഹ്വലർ; അർത്ഥമെ–
ന്തിപ്പൊഴുമെന്ന പേച്ചിനെന്നല്ലയോ?
മാനവായുരർദ്ധാന്ത്യംവരെക്കേണു–
കേണു സമ്പത്തുതേടി നടന്നിട്ടും
വിശ്രമിക്കുവാനാവതില്ലിന്നും, സ–
പ്രശ്രയം ദൈവനാമം ജപിക്കാനും!
കിട്ടിയ ധനം, പാർല്യമെന്റിന്റെ ബഡ്–
ജറ്റു വീണ്ടും പുറത്തുചാടീടവേ
ആവിയായ്പ്പോയമാതിരി തോന്നുന്നു,
ആലപിക്കുന്നു 'സാ'തന്നെ പിന്നെയും.
ഉണ്ണുവാനുടുപ്പിട്ടു നടക്കുവാൻ,
ഉണ്ണികൾക്കു ഹരിശ്രീ പഠിയുവാൻ
കാശുപോര,നേകായിരം നോട്ടിനാൽ
കീശവീർക്കുന്ന പൗരനും പൌരിക്കും,
മൂല്യശോഷണദ്വാരാ പണസ്സഞ്ചി
ശൂന്യഗർഭയാമീ യുഗസന്ധിയിൽ
ഏതു ഭൗതികവാദിക്കു സാധിക്കും
ഭീതനായൊന്നു നാമം ജപിക്കാതെ!

എത്തിയോ ഹാ, ഗുരുപവനേശ്വര–
പത്തനത്തിൽ! ശരി, ഞാനിറക്കട്ടെ,
സംക്രമത്തിന്നുമുമ്പെയിമ്മാസത്തെ–
സ്സങ്കടവും ഭഗവൽപ്പദങ്ങളിൽ!

# ഓണം കഴിഞ്ഞപ്പോൾ

''ഓണം കഴിഞ്ഞുപോയല്ലോ,''തുള്ളിച്ചാടുന്ന ശൈശവം
തെക്കിനിപ്പടിയിൽ കാലുംതൂക്കി ദുഃഖിച്ചിരിക്കയോ?
''മച്ചിലെ സ്ഥിതി കണ്ടില്ലേ?'' വിടുന്നൂ നെടുവീർപ്പവൻ,
''ഒറ്റപ്പഴവുമില്ലാത്ത വെറും തണ്ടുകൾ മാത്രമായ്!''
''ചതയം ചതിയൻ തന്നെ,'' ശഠിച്ചാനൊടുവാശ്ശിശു,
നാലാംവയസ്സിന്റെ നട്ടപ്രാന്തിൽ ക്ഷീണിച്ചിരിപ്പവൻ.

പിച്ചവെച്ചു കിതച്ചുംകൊണ്ടെത്തിച്ചേർന്നൂ തുടർന്നവൻ
കുല വെട്ടിപ്പോയ കുറ്റിവാഴത്തോപ്പിലുലാത്തുവാൻ.

ഉലാത്തലിന്നിടയ്ക്കുണ്ണി
വിലപിപ്പൂ കുറ്റിവാഴകളോടസ്പഷ്ടഭാഷയിൽ,
'പ്രിയപ്പെട്ടവരേ, നിങ്ങൾ വീണ്ടും വീണ്ടും കുലയ്ക്കണം,
പഴമില്ലാതെ ഞാനെമ്മട്ടുന്തിനീക്കേണ്ടു നാളുകൾ!
ചാണവും വെണ്ണീറുമിട്ടു തരാമേ ദിവസേന ഞാൻ;
ചിരട്ടയിൽ കൊണ്ടുവരാനെനിക്കും ശക്തിയില്ലയോ?
വെള്ളവും കൊണ്ടു വന്നേക്കാം വേനൽക്കാലത്തു നിത്യവും
പല്ലുതേച്ചാലുടനെ ഞാനെന്റെ പിച്ചളലോട്ടയിൽ.'

കുലുങ്ങുന്നൂ, ചിരിയ്ക്കുന്നൂ, കുലയില്ലാത്ത വാഴകൾ
കുട്ടിതൻ കൊഞ്ചൽ കേട്ടുള്ളിൽ കുമിയും സ്നേഹവായ്പൊടേ.
കുളിർകാറ്റിന്റെ സീൽക്കാരമെന്നു തോന്നുന്നമാതിരി
ഉള്ളലിഞ്ഞോതിനാർ പിമ്പാക്കുലയില്ലാത്ത വാഴകൾ,
'ഉണ്ണീ, നിനക്കറികയില്ലല്ലീ ഈശ്വരനിശ്ചയം?
ഒറ്റത്തവണയേ വാഴ കുലയ്ക്കാറുള്ളൂ ഭൂമിയിൽ.
ഞങ്ങളെക്കീറിയാൽക്കിട്ടുമുണ്ണിത്തണ്ടുകൾ വേണ്ടുകിൽ;
ഞങ്ങൾതൻ കാൽ കിളച്ചാലോ, കിഴങ്ങും കിട്ടുമോമനേ!
അവ വീട്ടിൽ കൊണ്ടുപോയിക്കറിവെച്ചു ഭുജിക്ക നീ;
ഉദരവ്യാധിയില്ലാതായ്ത്തീരുമെന്നീശനിശ്ചയം.'

സസ്യങ്ങൾതൻ ഭാഷ പക്ഷേ,
ഉണ്ണി വീണ്ടും കേഴുകയാണനുകമ്പാർഹഭാഷയിൽ,
'പ്രിയപ്പെട്ടവരേ, നിങ്ങൾ വീണ്ടും വീണ്ടും കുലയ്ക്കണം;
പഴമില്ലാതെ ഞാനെമ്മ. ട്ടുന്തിനീക്കേണ്ടു നാളുകൾ?'

# മൃഗപ്രപഞ്ചത്തിൽ

ആനപ്പുറത്തു ചെലവാ–
യൊരു പന്തീരാണ്ടുകാലമെന്നിട്ടും
കുതിരയിടഞ്ഞാൽജ്ജീനി വ–
ലിച്ചു നിലയ്ക്കവനെ നിർത്തുവാൻ വയ്യ!

കുതിരപ്പുറത്തു ചെലവാ–
യൊരു പന്തീരാണ്ടു പിന്നെ,യെന്നിട്ടും
വീട്ടിലെ വിരളും പോത്തിൻ
കണ്ഠത്തിൽക്കയറിടാനശക്തൻ ഞാൻ.

പോത്തിൻപുറത്തു ചെലവായ്–
പ്പന്തീരാണ്ടതിനുശേഷ,മെന്നിട്ടും
കാളക്കുട്ടിയെ മേയ്ക്കാൻ
കഴിവില്ലാതെപ്പരുങ്ങി ഞാൻ നിൽപ്പൂ.

പിമ്പൊരു പന്തീരാണ്ട–
ക്കാളക്കുട്ടന്റെ മുതുകിലായ് വാസം;
പട്ടി കുരച്ചാൽപ്പക്ഷേ,
പറ്റില്ലിന്നിവനു ചങ്ങലയ്ക്കിടുവാൻ.

പോറ്റിവളർത്തീ പന്തീ–
രാണ്ടൊടുവിൽപ്പട്ടിയെ പ്രിയത്തോടെ
അഞ്ചു മൃഗത്തെ മെരുക്കിയ

പുഞ്ചിരിയറുപത്തിയൊന്നിൽ വിരിവോളം.

വീണ്ടും വീട്ടിനു ചുറ്റുമു–
ലാത്തുമ്പോളല്ലി സത്യമറിയുന്നു?
ആന തുടങ്ങിയ ജീവിക–
ളവരുടെ പാട്ടിന്നു പോയിരിക്കുന്നു!

വാലാട്ടിക്കൊണ്ടിന്നും
കൂടെ നടക്കുന്ന പട്ടി പറയുന്നു,
''നാൽപ്പത്തെട്ടാണ്ടുകളും
നഷ്ടപ്പെട്ടൂ നിനക്കു ചങ്ങാതീ!''

## വിളിച്ചുവോ വിളിച്ചില്ലേ?

വിളിച്ചിട്ടില്ലിദ്ദിവസംവരെഗ്ഗുരുവെന്നാ–
വെളിച്ചത്തെ ഞാനല്ലി? ശരിയാണദ്ദേഹത്തിൻ
പാഠശാലയിൽ പഠിച്ചില്ല ദൗർഭാഗ്യം; പക്ഷേ,
പാതയിൽവെച്ചാപ്പൂർണ്ണ പ്രതിഭാപ്രകർഷത്തെ
കണ്ടമാത്രയിൽസ്സഹസ്രാരപത്മത്തിൽച്ചേർത്തുൾ–
ച്ചെണ്ടിലെസ്സുരഭിലവിസ്മയം നിവേദിച്ചേൻ.
ജപമാലയിൽ,പ്പുസ്തകത്തിൽ, വീണയിൽ മൃത്യു–
ഞ്ജയിയായ് മേവുന്ന വാഗ്ദേവിയാൽ സംലാളിതൻ
മറ്റൊരു ചതുർമ്മുഖ'നിരിപ്പുണ്ടെന്നാത്മാവിൻ
മച്ചിലെന്നഹങ്കരിക്കുന്ന ദൗർബ്ബല്യത്തോടെ
ഇറങ്ങിച്ചെന്നേൻ കാലവീഥിയിൽ മുമ്പേ പോമ–
ഗ്ഗുരുവിൻ സ്നേഹം വിരിച്ചിട്ട പുണ്യത്തിൽക്കൂടെ.
തൊട്ടതൊക്കെയും ക്ഷിപ്രസ്വർണ്ണമാവുന്നൂ, ക്ഷണം
കുട്ടി പാവം, തന്നസ്തിത്വത്തെയും മറക്കുന്നു!
ഗുരുക്കന്മാരെപ്പോലും ചേറിനോക്കിയിട്ടുണ്ടാ
ഗുരുത്വക്കുറവുള്ള നിമിഷം കൈവെള്ളയാൽ.
ചേറിയില്ലിദ്ദേഹത്തിൻ ധീരസാഹസികാത്മോൽ–
ഗാരപൂർണ്ണിമമാത്രമെന്നെനിക്കിന്നാശ്വാസം!
മോഹമില്ലാഞ്ഞല്ല ചേറാഞ്ഞു നെൽക്കുടന്നകൾ
മോളിലേയ്ക്കെറിഞ്ഞിട്ടു താഴത്തു വീഴുംമുമ്പേ
എത്രയുണ്ടതിലെന്നു മൊഴിഞ്ഞ ജന്മാന്തര–
സിദ്ധിതൻ മുഖം വീണ്ടും കണ്ടു ഞാനെന്നേയുള്ളൂ.

വിളിച്ചില്ലിന്നോളവും ഗുരുവെന്നാ സ്നേഹത്തിൻ
വെളിച്ചത്തെ ഞാനെന്നു വിശ്വസിക്കണമോ ഞാൻ?
വിളിക്കായ്കിലും വിളിച്ചാലുമെന്തദ്ദേഹത്തി–
ന്നുളിയും മുഴക്കോലുമുപയോഗിച്ചിട്ടല്ലോ
ഞാനെന്റെ കളിക്കൊട്ടിൽ പണിതുണ്ടാക്കീ, ''മോശ–
മാണിതെ''ന്നൊടുവതു ഞാനടിച്ചുടച്ചാലും!
മോശമായതു പണിയായുധക്കുറകൊണ്ട–
ല്ലാശാരിച്ചെക്കന്റെ കൈവിറകാരണമല്ലോ!
ഉപ്പിൽനിന്നുരി നേദ്യച്ചോറിൽനിന്നീ വാഴ്‌വിന്റെ–
യുത്തമപുരുഷഭാവങ്ങളെ നുകർന്നോനേ,
അങ്ങതന്നധൃഷ്യകർമ്മണ്യകാരുണ്യാന്തസ്സിൽ
മുങ്ങിയ പുണ്യം മരിക്കില്ല ഞാൻ മരിച്ചാലും!

# മഴയും മനുഷ്യനും

മഴ കുറവാണീയാണ്ടിൽ–
പ്പറ്റില്ലാ വിളയിറക്കുവാനെന്നോ?
പൊടിവിതയുണ്ടായില്ലാ
തരമാവില്ലേ കരിങ്കൊറക്കൃഷിയും?

''വൈക്കോലുണ്ടോ വിൽക്കാൻ?''
ആരോ മുറ്റത്തു വന്നു യാചിപ്പൂ:
ഉള്ളതു വിറ്റാൽപ്പശുവിനു
പട്ടിണിയായ്ത്തീരുമോ വരുംകൊല്ലം?

അതു നാളെച്ചിന്തിക്കാ,–
മിന്നത്തെ പ്രശ്നമിക്കൃഷിക്കാരൻ:
''മുന്നൂറ്ററുപതു ദിവസവു–
മോക്കേ തിന്നുന്ന മൂരിയെന്താവും?

പുല്ലാണെങ്കിലൊരൊറ്റ–
ക്കൊടിയില്ലാ നാട്ടുവട്ടമൊട്ടാകെ,
ആകെ മെലിഞ്ഞൂ കന്നുകൾ;
മഴപെയ്താൽ പൂട്ടിടേണ്ടതവരല്ലേ?''

മഴപെയ്യും മേലാലും
പതിവിൻപടിതന്നെയെന്ന വിശ്വാസം
ഉള്ളതുകൊണ്ടിപ്പോഴും
ഭൂമിയിലിയ്യാളെണീറ്റു നിൽക്കുന്നു!

കാട്ടുമരം മുക്കാലും
കല്ലായിപ്പുഴയിലെത്തി,യെന്നിട്ടും
മരവേരിനു തീവെപ്പൂ
നിയമങ്ങൾ പുഴക്കിവീഴ്ത്തിടും സ്വാർത്ഥം.

അറിവീലക്കഥ നാടൻ–
പരിമിതിയിൽച്ചുരുളുമിക്കൃഷിക്കാരൻ;
മരമില്ലെങ്കിൽപ്പെയ്യാ–
മഴയെന്നും വിവരമില്ല, പറയുന്നു:

''മഴവരെയിക്കന്നുകളെ–
പ്പോറ്റാനാണിപ്പൊഴുള്ള കെടശാരം;
ആനയെ മേടിച്ചോളൂ;
കന്നിനെ മേടിച്ചുവോ, കഴിഞ്ഞു കഥ!''

അഞ്ചോ പത്തോ വൈക്കോൽ–
ക്കന്നാ വൃദ്ധൻ വലിച്ചെടുത്തോട്ടെ;
തൊടിയിലിലഞ്ഞു കവുങ്ങിൻ
പട്ടച്ചീൾകൊണ്ടു കയർ പിരിച്ചോട്ടെ.

ഒടുവാക്കന്നുകൾകൂട്ടി–
ക്കെട്ടിയതും പേറി വെയിലുകളയാതെ
വേർപ്പിൻ കടൽ നീന്തിയവൻ
ദൂരെത്തൻ കുടിലിലേയ്ക്കരിക്കുമ്പോൾ

നിശ്ശബ്ദതയുടെ കൈയിൽ–
ച്ചളികെട്ടിയ നോട്ടിരുന്നു വിറകൊൾവൂ:

ഇക്കടലാസിൻ തുണ്ടോ
പശു നാളെത്തിന്നിടേണ്ട പുൽപ്പച്ച!

അഞ്ജനവർണ്ണക്കൺകളി–
ലശ്രുവൊടെപ്പശു തൊഴുത്തിലകറുന്നു:
ചെയ്തതു തെറ്റായ്പ്പോയെ–
ന്നാവാമപ്പശു വിളിച്ചു പറയുന്നു!

വിധിയുടെ കരിമുകിലുച്ച–
പ്പകലോനെക്കൂരിരുട്ടിലാഴ്ത്തുമ്പോൾ
കരളിലെ നിമിഷം മൂളീ:
ഭഗവാനേ, നിന്റെ ലീല, നിന്നിച്ഛ!

# വിഷുവൽക്കിനാവ്

ദില്ലിയിൽ കൽക്കത്തയിൽ ചെന്നൈയിൽ ജക്കാർത്തയിൽ
നെല്ലൂരിൽ സിംഗപ്പൂരിലബൂദാബിയിൽപ്പോലും
ഫ്ളാറ്റിലെ ചുമരിന്മേൽ വാരന്തിത്തുടുപ്പണി–
ക്കാറ്റേ, നിൻ മൃദുകരസൗരഭം പരക്കുമ്പോൾ
വീണുപോകുന്നൂ കലണ്ടറിലുള്ളക്കങ്ങളോ
കേണിടും മലയാളമനസ്സിൻ സ്വപ്നങ്ങളോ?

വീട്ടുകാരിതൻ ചായക്കോപ്പയും തളികയും
കൂട്ടിമുട്ടവേ, വീണുപോകുന്നൂ ക്ഷണാൽത്താഴെ
സൂട്ടിട്ട ഭർത്താവിന്റെ വിരൽവിട്ടിംഗ്ലീഷ് പത്രം;
സൂക്ഷിച്ചു കുനിഞ്ഞവൻ കലണ്ടറെടുക്കുന്നു.
ഹൃദയസ്വപ്നം വറ്റിപ്പോവുകിൽക്കാറ്റേ, മൃഗ–
മദവും നിർഗ്ഗന്ധമീ മായികപ്രപഞ്ചത്തിൽ!

തുടുപ്പേറിടുമക്കങ്ങളിലാ മിഴികൾ ചെ–
ന്നുടങ്ങീടവേ ചുണ്ടിൽത്തെളിഞ്ഞതുൽക്കണ്ഠയോ?
''നാളെയല്ലയോ വിഷുക്കണി വെയ്ക്കേണ്ടൂ? ഇന്നു
നാലുകൊന്നപ്പൂവിതളെങ്കിലും മേടിക്കണ്ടേ?''
നൂറു കാതങ്ങൾക്കപ്പുറത്തുറഞ്ഞനേകം പ–
ന്തീരാണ്ടായ് ഗതികിട്ടാതുഴലും പ്രേതത്തിന്റെ
വേദനപോലാ വാക്യമലഞ്ഞു കിതച്ചെന്റെ
ലോലമാം നാഡീപടലത്തെയിട്ടുലയ്ക്കുമ്പോൾ,

എന്റെ കുഗ്രാമത്തിലെക്കൈത്തോടിൻ വളവിങ്ക–
ലെല്ലാക്കൊല്ലവും സർവ്വാംഗീണസൗവർണ്ണാലങ്കാ–
രത്തോടെ പ്രശോഭിക്കും കൊന്നതൻ പൂഞ്ചില്ലയിൽ–
ത്തത്തുന്ന കാറ്റേ, ലോകം ചുറ്റിക്കണ്ട വൻകാറ്റേ,
ഊയലാടുകയോ നീ കർത്തവ്യം മറന്ന്?–ഓടി–
പ്പോയാലുമോരോ കുലകൊന്നപ്പൂക്കളുമായ് നീ
ദില്ലിയിൽ കല്ക്കത്തയിൽ ചെന്നൈയിൽ ജക്കാർത്തയിൽ
നെല്ലൂരിൽ സിംഗപ്പൂരിലബൂദാബിയിൽപ്പോലും!

# സംഘടിതം

സമഭാവനയിൽക്കാണ്മൂ രാഷ്ട്രീയസമരത്തെ ഞാൻ;

മുദ്രാവാക്യമിതാണസ്മദ്: ''ഞങ്ങൾക്കും കിട്ടണം പണം.''

ഏതു കക്ഷിക്കിന്നു ഘോഷയാത്ര ഞാനേർപ്പെടുത്തണം?
പറഞ്ഞാൽ മതി; ഞാനേറ്റൂ പിന്നത്തെക്കാര്യമൊക്കെയും.

എത്രപേർ വേണ,മഞ്ഞൂറോ? ആയിരംപേരെ വേണമോ?
പതിനായിരമോ വേണ്ടൂ? ലക്ഷംപേർതന്നെ വേണമോ?

തലേന്നുപറയാമെങ്കിൽ തരാം ഞാനെത്രപേരെയും;
അന്നന്നു വേണ്ടതാണെങ്കിലഞ്ഞൂറാളിലൊതുക്കണം.

ഒരാൾക്കു ദിവസക്കൂലിയമ്പതേ വേണ്ടുവെങ്കിലും
ലോറിവാടകയും മറ്റും നിങ്ങൾതന്നെ കൊടുക്കണം.

പകുതിപ്പണമെപ്പോഴും അഡ്വാൻസായ്ത്തന്നിരിക്കണം;
രശീതി വേണമോ? കൊള്ളാം; സീലും കുത്തിത്തരേണമോ?

അതും ചെയ്യാം; നിങ്ങൾ ഞങ്ങളോടും നീതിപുലർത്തണം;
ആ വാക്കില്ലെന്നു കേൾക്കുന്നു കക്ഷിപ്പോരിൻ നിഘണ്ടുവിൽ.

തലേന്നുതന്നെ തരുമോ മുദ്രാവാക്യങ്ങളൊക്കെയും?
പത്തുപേർക്കൊന്നെന്ന തോതിൽ പകർപ്പും തന്നിരിക്കുമോ?

ഘോഷയാത്രയ്ക്കിടെക്കുത്തിക്കുറിച്ചോരോന്നു നീട്ടിയാൽ
വിളിച്ചു പറയാറില്ല ഞങ്ങളെന്നോർത്തുകൊള്ളണം.

ഒന്നുകൂടി: ഘോഷയാത്രയാരംഭിക്കുന്ന വേളയിൽ
കൊടുക്കണം വയർനിറെച്ചായയും പലഹാരവും.

കുലുങ്ങിയില്ല നഗരം മുദ്രാവാക്യംവിളിക്കലാൽ
എന്നു പിന്നെപ്പറയുവാനിടവെയ്ക്കാതിരിക്കണം.

ഇനി ഞങ്ങൾക്കുള്ള നീക്കുപോക്കില്ലാത്ത നിബന്ധന;
പിരിയുംമുമ്പതുംകൂടിയുറപ്പിക്കേണ്ടതുണ്ടു ഞാൻ.

അതെന്തെന്നോ? ഘോഷയാത്ര തീർന്നു ലോറിയിലേറവേ
എത്തിച്ചീടേണമെല്ലാർക്കും പട്ടച്ചാരായമെങ്കിലും!

# വാർദ്ധകവ്യസനം

''പാടുക പണ്ടത്തെപ്പോൽപാടുകെ''ന്നിതാ വന്നു–

കൂടുന്നു ജനമിന്നും.

ഇന്നിതാ, പാടാൻ കുരലനക്കുന്നതിൻ മുമ്പു
തൊണ്ടയിൽ കഫം കെട്ടീ.

യൗവനകാലത്തിന്റെ ജിഹ്വയിൽ നൃത്തംവച്ച
ഗർവ്വമിന്നെവിടെപ്പോയ്?

ദൃശ്യവസ്തുവിലൊക്കെയിന്നഹം ഭവദ്രൂപം
പശ്യാമി മഹാമായേ!

എന്നിട്ടും വാഴ്‌വിൻ ചെമ്പുകെടാരത്തിലിട്ടെന്നെ

വറുത്തീടുകയോ നീ?

പന്തീരാണ്ടിലെപ്പുലർവേള പാരണയാക്കീ
നിന്റെ പാവനതീർത്ഥം!

അമ്പതു ശിശിരത്തിലമ്പതു വസന്തത്തി–
ലമ്പതു ഗ്രീഷ്മത്തിലും

അമ്പതു വർഷാശരദ്ധേമന്തങ്ങളിലും ഞാ–
നാശ്രയിച്ചല്ലോ നിന്നെ.

അമ്പതു വർഷം മുമ്പെയല്ലയോ സാഹിത്യത്തി–
ന്നമ്പലച്ചുമരിന്മേൽ

എട്ടാണ്ടാൽപ്പൂണൂലിട്ടൊരുണ്ണീ നിന്നസ്തിത്വത്തെ–
ക്കരിക്കട്ടയാൽ വാഴ്ത്തീ?

പിമ്പവനെന്തൊക്കെയോപാടിയിരിക്കാം താൻതാ–
നെന്ന ഹുങ്കോടെത്തന്നെ.

ജീവനെക്കുറിച്ചുള്ള വിസ്മയമല്ലോ പക്ഷേ
ശ്രുതിമീട്ടിയതെന്നും.

ജീവരൂപിണിതന്നെയല്ലി നീ പരാശക്തി?
എങ്കിലെന്താണെൻ കുറ്റം?

''തന്നിരിക്കുന്നൂ മുടങ്ങാതെ മുന്നാഴിച്ചോറെ''–
ന്നല്ലി നീ മന്ത്രിക്കുന്നു?

എങ്കിലും ക്ഷമാപണപൂർവ്വമിന്നൊരു സത്യ–
മുണർത്തിക്കാം ഞാൻ ദേവീ!

ഒരു ജീവിതമാകെ നിൻ പാദപീഠത്തിൻമേ–
ലുഴിഞ്ഞിട്ടവനീ ഞാൻ!

എന്തിനു നനഞ്ഞേടം കുഴിപ്പൂ പാദാശ്രിത–
പ്രണയപയോധി നീ?

നീരാളിപോലെന്നസ്തിത്വത്തെ നീ വലിക്കയോ
നിന്നിലേക്കനുമാത്രം?

നന്ദി: മൻമായാമുഗ്ദ്ധചേതന പക്ഷേ, ക്രമാൽ
ചിരിക്കാൻ പേടിക്കുന്നു!

കരയുന്നുവോ കൂടെക്കൂടെ ഞാൻ? എന്നാലതു
പുറത്തു കേൾപ്പീലാരും!

രോമകൂപത്തിൽദ്ദിവാസ്വപ്നരോമന്ഥംമാത്ര–
മപ്പോഴും പിടയുന്നു!

# ആകാശവും ഭൂമിയും

എടവപ്പാതി കഴിഞ്ഞാലും നാം

കുടകൾ നിവർത്തി നടന്നാലും
പെയ്യില്ലേ മഴ? മാനത്തെരിവൂ

തിയ്യീ നമ്മുടെ നെഞ്ഞത്തും!
വെട്ടിപ്പോയ മഴക്കാടുകളുടെ
വേരന്വേഷിച്ചലയുന്നു
ഒറ്റയ്ക്കിന്നു മഴക്കാറെ,ന്നി–
ട്ടിറ്റിറ്റശ്രുപൊഴിക്കുന്നു.
ബുധനും ശുക്രനുമിക്കഥ കേൾക്കെ–
ബ്ബധിരത ഭാവിച്ചലയുന്നു
വിഭിന്ന രാശികളിൽ, കൈകോർക്കാൻ
വിധിയില്ലെന്നോ വൈമുഖ്യം?

2

മഴപെയ്ത്തിൽ കൊതുമാതിരിയല്ലോ
മദ്യപ്പെയ്ത്തിൽ മനുഷ്യർ മരിച്ചൂ
മൈസൂർ സംസ്ഥാനത്തിൽ, പിൻപിഹ
വൈപ്പിൻദ്വീപിൽപ്പോലും; പക്ഷേ,
മലയാളത്തിൽ തേരട്ടകളുടെ
മാദകവീര്യം വിൽക്കും ഷോപ്പിൽ
ബഹളം കൂടുതലായി: നമിക്കുക
ബഹുകൃതമർത്ത്യപരിഷ്കാരത്തെ!

3

പെരിയൊരു കാന്തക്കല്ലായെന്റെ
ശിരസ്സിനുമുകളിലെ നീലാകാശമി–
തിരവും പകലും മേലോട്ടെൻ തല–
മുടിനാരിഴകൾ വലിച്ചുപിടിക്കെ
ആളുകളെൻ തലമുടിയെ വണക്കം
പോരാത്തവയെന്നാക്ഷേപിക്കിലു–
മാഴിത്തിരമാലകളിൽക്കൂടിനി–
വർന്നു നടപ്പേൻ നിർബ്ബാധം ഞാൻ.

# പരമാർത്ഥന

ഞാനൊരു തടാകമോ? ഖിലഭൂമിതൻ മാറിൽ
മാനവും നിരീക്ഷിച്ചു മലർന്നു കിടക്കുന്നു,
ഹരിനീലമാം വാനമുദയാസ്തമയസു–
ന്ദരിമാരുടെ തോളിൽ കൈവെച്ചു മധ്യാഹ്നത്തിൽ
കുനിഞ്ഞുകുനിഞ്ഞടുത്തെത്തവേ, താഴെപ്പനി–
മതിപോൽ സ്വന്തം മുഖബിംബമോ മുകരുന്നു?
''ചുംബനത്തിലെ മോക്ഷമാധുരീകല്ലോലങ്ങൾ
ചുറ്റുപാടിനു വർത്തുളോന്മേഷം പകർന്നാലും
അറിവീലമാവാസിപ്പാതിരാവിലെദ്ദുഃഖ–
മവശാത്മാവേ, നീ,'' എന്നെന്റെ കാതുണരുന്നു!
അതാദ്യപ്രണവമന്ത്രത്തിലെത്തുടിപ്പല്ലി,
അന്തിമവടപത്രപുണ്യത്തിൻ മിടിപ്പല്ലി?

ൗൗൗ

പ്രകടിപ്പിക്കൂ ബ്രഹ്മ, നിന്നിലെ പ്രകാശത്തെ,
പ്രളയോന്മുഖം പാടിപ്പറക്കും പ്രഭാതത്തെ
ബോധകൈലാസേ ഹിമനിദ്രകളലിയട്ടേ;
ബാധവിട്ടുണരട്ടേ പ്രണയപ്രപഞ്ചങ്ങൾ.

ഋഗ്യജൂസ്സാമാഥർവ്വദിഗ്ഗജസുരക്ഷിത–
പ്രജ്ഞാചക്രവാളങ്ങൾ പുളകം വിതയ്ക്കുമ്പോൾ
എന്നി,ലെൻ ദേശത്തെ,ന്റെ ഗോളത്തി,ലെൻ ബ്രഹ്മാണ്ഡ–
ത്തിന്നനാഹതചക്രം തിരിക്കും ചിൽസ്പന്ദമേ,
പ്രസരിക്കുക വേഗം ഞങ്ങൾതൻ സിരകളിൽ;
പ്രശമിക്കാവൂ ഞങ്ങൾ തമ്മിലെസ്സംഘർഷങ്ങൾ.
അഹങ്കാരത്തിൻ ശാസ്ത്രശേമുഷി ശൂന്യാകാശ–
ത്തനന്തവ്യസനത്തിൻ നക്ഷത്രയുദ്ധം ചെയ്കെ,
പുലരേണ്ടതെമ്മട്ടിൽ കോടികോടി ജീവന്മാ–
രുലകിൽ? കാരുണ്യമേ, പെയ്താലും നിർദ്ദാക്ഷിണ്യം!

# കച്ചേരിക്കിടയിൽ

മതി മൃദംഗവും വയലിനും താള–
ശ്രുതികളും; വേർത്തു കുളിച്ചടിമുടി
തളർന്നു ഞാൻ, പാടിക്കുഴഞ്ഞുപോയി ഞാൻ
വരണ്ടു വാണി വാണരുളുമെൻ കണ്ഠം.
മയങ്ങിടട്ടെ ഞാൻ തലകുലുക്കുന്ന
മഹാജനങ്ങളേ, ഭവൽപ്പദത്തിൽ വീ–
ണൊരായിരം വർഷം; അലിഞ്ഞഴിഞ്ഞു മൺ–
തരികളായ് ബോധപ്രപഞ്ചമുക്തനായ്!
പല ചതുര്യുഗപലായനകോലാ–
ഹലത്തിൻ കീഴിലാക്കഥയറിയാതെ,
ച്യുതിരഹിതനായുറങ്ങുമ്പോളില്ല
കൊതിയെനിക്കന്നത്തിനും, പാനത്തിനും.
അറികയേ വേണ്ടാ, മനുഷ്യർതൻ തേങ്ങ,–
ലറികയേ വേണ്ടാ, ശിശുക്കൾതൻ കണ്ണീർ.

ഌഌഌ

മതി മൃദംഗവും വയലിനും താള–
ശ്രുതികളും; ചുറ്റിത്തിരിഞ്ഞോട്ടേ മാനം.
പിടിപ്പതാരെന്റെ മണിക്കണ്ഠം, നാഡി–
മിടിപ്പറിവാനോ പരിശ്രമം? കഷ്ടം!
ചുടുപാലോ മെല്ലെപ്പകർന്നിടുന്നതെൻ
ചൊടികളിൽ വക്കു മിനുത്തൊരിക്കോപ്പ?
അസഹ്യമീ ക്രൂരസഹാനുഭൂതി; ഞാ–
നടിച്ചുടയ്ക്കുമീ സ്ഫടികഭാജനം.
അനങ്ങുന്നില്ലെന്നാൽ ചെറുവിരൽപോലും;
അസംഖ്യം കാതങ്ങൾക്കകലേനിന്നെന്റെ
അരുമപ്പൈതലിൻ ഭയചകിതമാം
കരച്ചിൽ; നിന്നെ ഞാൻ പരിയുമെമ്മട്ടിൽ?
മടുത്തുപോയെന്നാലെനിക്കു പൈതലേ,
മരത്തലകളാൽ പടുത്ത മാനവ–
പരിഷ്കൃതികൾതന്നരക്കില്ലം; കണ്ണിൽ
കരുത്തുണരാവൂ നിനക്കിതു കാണാൻ.

ഌഌഌ

പൊടിച്ചു വന്നേക്കാം പ്രകാശരശ്മിതൻ
തുടുപ്പൊരിക്കലീ കറുത്തിരുണ്ട പാഴ്–

പ്പകലിന്റെ പോക്കുവെയിലിലെങ്കിലും
പകയ്ക്കയാണു ഞാനൊടുവിലെത്തുമ്പോൾ.:
ഒരു പന്തീരാണ്ടു കുഴലിലിട്ടതു
വെറുതെയായ് ശ്വാവിൻ വളഞ്ഞവാൽ പുറ–
ത്തെടുത്തപ്പോൾ വീണ്ടും വളഞ്ഞുപോയെന്ന
നടുക്കമെൻ കണ്ണിൽ തിളച്ചുപൊന്തുമ്പോൾ.

# മണ്ണപ്പം

**കു**ക്കുടക്രോഡം കടൽപ്പുറത്തെത്തരിമണ–
ലുൽക്കടബുഭുക്ഷയാൽ കോരി ഞാനരിക്കുമ്പോൾ
കിട്ടിയതൊന്നോ രണ്ടോ മൺതരി; അതു വിറ്റു–
കിട്ടിയതാട്ടേ വെറുമൂണരി; എങ്കിൽക്കൂടി
ഊറിക്കൊണ്ടിരുന്നിതെൻരോമകൂപത്തിൽ ധർമ്മ–
ക്കൂറിന്റെ മുക്താഫല ഭംഗികൾ സഹസ്രങ്ങൾ
മണലിന്നടിയിൽ നിന്നൂർന്ന പൊൻതരിയുടെ
രണിതം, മനസ്സിന്റെ താളത്തിലോളംവെട്ടും
ധന്യത, വാക്കും വാക്കുമന്യോന്യമുരസുമ്പോ–
ളെന്നാത്മകോശത്തിലെപ്പുളകം വിതറുന്ന
ദിവ്യത, മാവിൻപശപൂണുവാൻ വെമ്പിപ്പായും
മൺവിളക്കിലെ നിത്യസ്പൃഹണീയമാം ചന്തം!
എങ്കിലും ദശാബ്ദങ്ങൾ നിമിഷങ്ങളായ്ത്തീരു–
മങ്കുശരഹിതമിക്കാലവേഗതയിങ്കൽ
പാതിരാത്തളർച്ചതന്നിരുളിൽത്താഴും പ്രജ്ഞാ–
ഹേതുവിൽ മായാസർപ്പശീർഷമാണിക്യംപോലെ
ഒരു സങ്കടം; നേടിയില്ല ഞാനീജ്ജന്മത്തിൽ
പരലോകത്തേക്കുള്ള പാഥേയമായിട്ടൊന്നും!
എങ്ങനെ കണ്ടെത്തിയസ്സങ്കടം ഗുരുവായൂർ–
മഞ്ജുളാൽച്ചുവട്ടിൽ മണ്ണപ്പമുണ്ടാക്കും കണ്ണൻ?
കാരുണ്യനിധിയൊറ്റ ഹനുമാൻ കുതികൊണ്ടു
കോഴിക്കോട്ടെത്തിച്ചേർന്നീ മണ്ണരിപ്പുകാരന്റെ
ജിഹ്വയിൽ നൃത്തംവെയ്ക്കെ,രക്തനാഡിയിലേതോ
ഗഹ്വരത്തിലൂടെന്നമാതിരി നാരായണ–
ശബ്ദമാധുര്യം പതഞ്ഞൊഴുകീടവേ കണ്ടേൻ
ബുൽബുദങ്ങളല്ലപാരതയിൽത്തുടിപ്പതു
നിത്യതാബിന്ദുക്കളാണ,വയും മന്ത്രിക്കുന്നു
സത്യമേ, നാരായണ, നിൻ തിരുനാമംതന്നെ!

# കുംഭമഴക്കുസൃതികൾ

**1**
കുംഭമഴ പെയ്തകൊല്ലമല്ലേ,
കുപ്പയിലും നെല്ലുണ്ടാവും.
കുമിയും നെൽക്കൂനകൾ കാത്തുരക്ഷിക്കുവാൻ
കുട്ടകമില്ലാതായല്ലോ.

കുതിർമണ്ണുരുട്ടിക്കുഴയ്ക്കുകയായി

കുമ്പാരച്ചേരിയിലാൾക്കൂട്ടം.
കുമ്പാരത്തികൾ ചൂളയ്ക്കുവെയ്ക്കുന്നു
കുടവും കലവും കുട്ടകവും

അരയിൽ തോർത്തുമായ്ച്ചുറ്റിക്കറങ്ങുന്നു
ആജാനുബാഹുവാം കുമ്പാരൻ
ചട്ടികൾ പാനികൾ കുട്ടകവും മുള–
ങ്കൊട്ടയിൽ കരയും തലയോടെ.

കൊട്ടയിൽ ചട്ടികലങ്ങൾ ചുമക്കും
കുട്ടിക്കുമ്പാരത്തിക്കും
ഇട്ടിൽ കടന്നവളെത്തും വീട്ടിലെ
മട്ടുപ്പാവിനുമുല്ലാസം.

**2**

''ദുബായി റിട്ടേൺഡബ്ദുള്ളക്കാ''
''സബാഷ്, ഇതാരാണ്?''
''മറന്നുപോയോ മമ്മുക്കായുടെ
മകനീ മൊയ്തീനെ?''
''നെൽക്കൃഷി പോയിപ്പുൽക്കൃഷിയായോ
നിനക്കു മൊയ്തീനെ?''
''തെങ്ങുവെയ്ക്കാൻ പോവുകയാണീ
തെറ്റത്തെല്ലാം ഞാൻ.''

''കാരണമെന്താ, നഷ്ടം നിങ്ങടെ
കീശയെ ബാധിച്ചോ?''
''കണക്കുവെപ്പൊഴിവാക്കാഞ്ഞതിനാൽ
കരളിനെ ബാധിച്ചു.''

''റബ്ബറുവെച്ചോ പാടത്തെ,ന്നാൽ
റബ്ബല്പം കനിയും.''
''പണമുള്ളവരതു പറയും, ഞാനീ
പാടം പൂട്ടട്ടെ.''

സിഗററ്റ് കുറ്റി വരമ്പത്തിട്ടൂ
ട്രാക്റ്ററിലേറീ മൊയ്തീൻ;
'കുടുകുടു കുടുകുടു' മണ്ണുംമാന്തി–
പ്പായുകയായീ ട്രാക്ടറ്റർ.

**3**

കാലുറ പാപ്പാസുമായിക്കാലടിപ്പാതയിലൂടെ
കാലിമേച്ചു പോകും പിള്ളേർപിറുപിറുത്തു;

സിഗററ്റുകുറ്റിയിന്മേൽ ലൈറ്റർ മുത്തും നിമിഷത്തിൽ
സിനിമയ്ക്കു പോണോർതമ്മിൽപിറുപിറുത്തു:

''കാടുവെട്ടി നശിപ്പിച്ചമനുഷ്യർതാനിപ്പോൾ നോക്കൂ,
പാടത്തെങ്ങും തെങ്ങു നട്ടുവളർത്തിടുന്നു.''

''നെല്ലരിയൂൺ നിറുത്തേണ്ടിവരും മലയാളി നാളേ–
ക്കുള്ള പാടം മുഴുവനും തെങ്ങിൻതോപ്പായാൽ.''

''നാളികേരത്തിനും വിലയിടിഞ്ഞുവെന്നറിയാതെ–
യാളുകളിപ്പോഴും വയൽനികത്തിടുന്നു.''

''തെങ്ങുകേറാനാളുണ്ടാവില്ലിനിമേലിൽ,'' ''വിളവായാൽ
തേങ്ങ താഴെ വീഴുമെന്നാണവർക്കാശ്വാസം.''

## മരണഭയം

പാതിരാത്രിയിൽ ഞെട്ടിയുണർന്നൂ കേണൂ നവ–
ജാതജീവാത്മാവ, ച്ഛനമ്മമാരസ്ഥാളിച്ചൂ,

വീട്ടിലുള്ളവരൊട്ടുക്കുണർന്നൂ; പാഞ്ഞെത്തിയ
ഡോക്ടരോടവസാനം പറഞ്ഞൂ ശിശു സത്യം:

ഇന്നലെയേതോ കളിത്തോഴനാണവനോടു
ചൊന്ന''തി, ബ്ഭൂഗോളത്തിലേവരും മരിക്കുന്നു!''

അച്ഛനമ്മമാരുടപ്പിറന്നോരെല്ലാപേരു–
മാണയിട്ടവനോടുപറഞ്ഞൂ പലവട്ടം:

''നീ മരിക്കില്ലെ''ന്നെങ്കിൽകൂടിയും ശിശുവിന്റെ
നീരവനിമിഷങ്ങൾ കൺകളിൽ തുളുമ്പുന്നു,

''പറയൂ വലിയച്ഛാ,ഞാൻ മരിക്കുമോ?'' സത്യം
പറയാൻ നാപ്പേരാതെ നിന്നു ഞാൻ പരുങ്ങുമ്പോൾ

പണ്ടത്തെക്കപിലവസ്തുവിൽ,ക്കാലടിയിലു–
മുണ്ടായ ദുഃഖം, ദുഃഖമുക്തിയും നേരിൽക്കാൺകെ,

വിശ്വാസപൂർവ്വം നോക്കിയിരിപ്പൂ ശിശുവെന്റെ
നിശ്വാസങ്ങളെ; ച്ചലിക്കാത്ത കണ്ണിമകളിൽ

ജ്വലിക്കും സത്യത്തിന്റെരശ്മിയേറ്റെൻ കൺകളും
കലിപ്പൂ: ഞാനെമ്മട്ടിലിദ്ദുഃഖം ശമിപ്പിക്കും?

ഞാനാരാണറുപതാം വയസ്സിൽ ചരിക്കുന്ന
ദീനമാനസൻ; പക്ഷേ, ശിശുവിൻ പ്രബോധത്തിൽ

അറിവിൻ സാക്ഷാൽ ഭാവം, സത്യവാക്കെമ്മട്ടിൽ ഞാൻ
പറയും പ്രാപഞ്ചികസത്യം നിന്നൊടു കുഞ്ഞേ?

നീയറിവീലല്ലോ നിൻകാലത്തിൻ പരിസര–
വായുവിൽ നക്ഷത്രയുദ്ധത്തിന്റെ വിഷമല്ലോ

പ്രസരിക്കുവാൻ വെമ്പി നിൽപ്പതാ, മഹാമാരി–
വ്യസനം ബാധിക്കാത്ത സൗരചൈതന്യത്തോടെ

വളരേണ്ട നിന്നന്തഃ കരണത്തിൽ ഞാനെന്റെ
തളരും ജ്ഞാനം കുത്തിവെയ്ക്കുവാൻ പാടില്ലല്ലോ!

''പറയൂ വലിയച്ഛാ, ഞാൻ മരിക്കില്ലേ?'' വീണ്ടും
പരുഷം കളമൊഴിയെൻ കാതു പൊള്ളിക്കുമ്പോൾ

പറയുന്നു ഞാ,നല്ലെ,ന്നന്തരാത്മാവിൽത്തിള–
ച്ചുരുകുന്നവൻ: ''മരിപ്പീല നാമാരും കുഞ്ഞേ!

ഈശ്വരചൈതന്യത്തിൽ വിലയിക്കുന്നൂ നമ്മ–
ളീശ്വരന്മാരായ്ത്തന്നെ മാറുന്നുവെന്നേയുള്ളൂ.

കുപ്പായമഴിച്ചുവെച്ചാലത്തെസ്സുഖം നമ്മൾ–
ക്കപ്പൊഴേ യഥാർത്ഥത്തിൽക്കിട്ടുകയുള്ളൂ കുഞ്ഞേ!''

മൂകനായെന്നെത്തന്നെ നോക്കിക്കൊണ്ടിരിക്കുമാ–
ശ്ശോകത്തിൻ കണ്ണീർത്തുള്ളി തുടച്ചേനൊടുവിൽ ഞാൻ:

''കുപ്പായമഴിച്ചുവെച്ചദൃശ്യന്മാരായ്ത്തീർന്ന
മുൽപ്പാടുള്ളവർക്കല്ലോ നമ്മളൂട്ടുന്നൂ ശ്രാദ്ധം!''

ശരിയെന്നനുസരിക്കായ്കിലുമതിൽപ്പിന്നെ–
ക്കരഞ്ഞിട്ടില്ലാ ശിശുവെന്നെന്റെ സമാശ്വാസം!

# ബുദ്ബുദഭംഗി

തന്നെക്കാളും വലിയൊരിരുമ്പിൻ
കഷണം പേറിപ്പായുമുറുമ്പേ,
നിന്നെക്കണ്ടിട്ടെന്നിൽ പെരിയൊര–
ഹംഭാവത്തിൻ തലകുനിയുമ്പോൾ
മുത്തച്ഛന്റെ വലുപ്പം വാഴ്ത്തി–
പ്പുളകംകൊള്ളും പേരക്കുഞ്ഞിനു
മുത്തം നല്കി,ത്തളിർകാലടികളെ
യൊളിവിൽത്തൊട്ടെൻ നിറുകയിൽവെപ്പേൻ.
കുഞ്ഞിനെയറിയിച്ചില്ലതു ശരിയോ
തെറ്റോ? ചിന്തിപ്പേനവിരാമം:
കുത്സിതസംഗരഭൂമികൾ താണ്ടണ–
മെത്ര പെരുത്താത്തളിർകാലടികൾ?
അറിവാപ്പിഞ്ചുമനസ്സിൻ പുലരിയി–
ലളവില്ലാത്ത തമസ്സായ്ത്തീർന്നി–
ട്ടവനൊരു മിഴിനീർത്തുള്ളി പൊഴിച്ചാ–
ലതു വീണെൻ കവിളെല്ലു കുതിർന്നാൽ
എങ്ങനെ ഞാനതു നിശ്ശബ്ദതകൊ–
ണ്ടൊപ്പിയെടുക്കും? അനന്താത്മാവേ,
എന്നെച്ചുഴലും വാസ്തവികപ്രതി–
ഭാസാന്തർഗതപൂർണ്ണാത്മാവേ,
അജ്ഞതയല്ലോ ജീവാത്മാവിനു
നിന്റെ വിശുദ്ധാനുഗ്രഹ;മെന്നാ–
ലൽപ്പത ജിജ്ഞാസകളാൽപ്പണ്ടാ–
ബ്ബുൽബുദഭംഗിയുടച്ചുകളഞ്ഞു.

# അദൃശ്യവാഹനൻ

അറിയുന്നുവോ മർത്ത്യ,താങ്കളും ജനിക്കുന്ന––
തദൃശ്യസ്വരൂപികൾ ദേവയോനികൾപോലെ
ആനയായ് കുതിരയായ് സിംഹമായ് മയിലായി
പൂനയായ് എലിയായിട്ടരയന്നമായ് പോത്തായ്
കാണൊല്ലാത്തിര്യക്കിന്റെ മുതുകത്തിരുന്നുകൊ–
ണ്ടാണു നാം പിറക്കുന്നതീ മായാപ്രപഞ്ചത്തിൽ.

മോഹിച്ച ലക്ഷ്യത്തിൽച്ചെന്നെത്തുവോരൊന്നോ രണ്ടോ;
വാഹനമെത്തുന്നേടത്തെത്തുന്നു മറ്റെല്ലാരും.

ഊഊഊ
പരമാർത്ഥമെന്താണെന്നറിയില്ലെങ്കിൽകൂടി
മരണക്കടവത്തു വാഹനമിറങ്ങീടും–
വരെയും ക്ലേശങ്ങളെച്ചാട്ടകൊണ്ടടിപ്പവർ
പറവൂ പക്ഷേ, നമ്മൾ വീരസ്യവിപണിയിൽ:
''മോഹിച്ചതാണിച്ചട്ടുകാലിനെസ്സുചിരം ഞാൻ;''
''മോഹിച്ചു ഞാനിക്കോന്ത്രമ്പല്ലിനെയേറെക്കാലം.''

# സ്വാദ്ധ്യായം

മഴയ്ക്കുശേഷം വെയിലിൽക്കുളിച്ച
മുറ്റത്തനേകം ചെറു പല്വലങ്ങൾ;
ഓരോന്നിലും പൂർണ്ണതപോലെ മിന്നു–
മാദിത്യദേവപ്രതിബിംബനങ്ങൾ!

അവിശ്രമാനുഷ്ഠിതമാം ശരീര–
സംസേവനത്തിന്റെ തളർച്ച പോകെ,
നിശീഥനിദ്രാണത വിട്ടെണീറ്റ
നാവിൽത്തുളുമ്പുന്നിതു ദൈവനാമം.

മൂന്നൂർക്കുടം പൊട്ടിയ പാഞ്ചഭൗതി–
കോദ്ബത്തിനെത്താങ്കൾ മൂകർന്നനേരം
അതിൽജ്ജഗൽപ്രാണ, മിടിച്ചതല്ലീ
ഞാനെന്ന കാലാശ്രിതമിത്ഥ്യയായി?

ക്രോമോസകോശത്തിലുണർന്നു നിന്ന
മുജ്ജന്മസാരസ്വതശുദ്ധിയല്ലി
മിടിപ്പിലോരോന്നിലുമങ്ങതൻ നേർ–
ക്കുദിച്ച ജിജ്ഞാസ തൊടുത്തുവിട്ടു?

ലോകാവസാനം വരെയീ പ്രപഞ്ചം
പഞ്ചേന്ദ്രിയം കൊണ്ടു ഭുജിച്ചുതീർക്കാൻ
കുതിച്ച മന്മിത്ഥ്യ ഭവൽപ്രകാശ–
ദീപത്തിലന്നേ ചിറകറ്റുവീണു.

സുഖങ്ങളെത്തേടിയലഞ്ഞ വർത്ത–
മാനാന്ധകാരങ്ങളിൽ മിത്ഥ്യ പക്ഷേ,
ചെത്തിക്കളഞ്ഞൂ നഖമെത്രവട്ടം
വെട്ടിക്കളഞ്ഞൂ ശിഖയെത്രവട്ടം?

നഖം വളർന്നാൽ ശിഖ നീണ്ടുപോയാൽ
വാർദ്ധക്യമെന്നെന്തിനു ഞാൻ നടുങ്ങീ?
നൊന്തൂ മനസ്സെന്തിനശേഷദേഹ–
വിസർജ്ജനത്തിന്റെ വിഭാവനത്തിൽ?

അക്ഷീണസർഗവ്രതിയാം ഭവാന്റെ–
യിച്ഛാപ്രതിസ്പന്ദനമെന്നപോലെ
ഇന്നും തുടിപ്പു കര,ളെന്നു തീരു–
മനിത്യമീ മൽഖരപാരതന്ത്ര്യം?

ക്രോമോസകോശത്തിലെ വാസനച്ചെ–
പ്പൊഴിഞ്ഞുപോയാൽ കരളിൻ മിടിപ്പും

നിലയ്ക്കുമെന്നല്ലി ഭവന്നിദേശ–
മനുക്ഷണം നാസികയിൽ സരിപ്പൂ!

അഖണ്ഡതേ, നിന്നെ വരിച്ച ചിത്താ–
ഗ്രത്തിൽ സഹസ്രാരസുഖം ജ്വലിക്കെ
ചിരിപ്പൂ ഞാൻ: ഇന്നു വിഴുങ്ങിടാം ഞാ–
നിരച്ചുപായും വെടിയുണ്ടപോലും!

# ഗംഗാമന്ത്രണം

പണ്ടൊരുകാലം ഗംഗ രാത്രിതൻ വാത്സല്യത്തിൽ

വിണ്ടലത്തിങ്കൽശ്ശാന്തജീവിതം നയിക്കുമ്പോൾ
വിരിഞ്ഞ തോളത്തൊരു കൈക്കോട്ടുമേന്തിച്ചെന്നൂ
കരുത്തൻ ഭഗീരഥനെന്നൊരാ,ളവൻ ചൊല്ലി,
''പോരണമാകാശഗംഗേ, കനിഞ്ഞു നീ
പോരണം, പോരണമെന്റെ കൂടെ.
ആഴിക്കും കീഴിലാപ്പാതാളദേശത്തു
കേഴുന്നൂ കേഴുന്നൂ മൽപിതൃക്കൾ.
പുണ്യചരിതയാം നിൻ കരലാളന–
ത്തണ്ണീരിൽ മുങ്ങിക്കുളിരുവോളം
മൽകുലപൂർവ്വരറുപതിനായിരം
ദുഃഖികൾക്കുണ്ടാകയില്ല മോക്ഷം.
പണ്ടു കപിലമുനിയുടെ ശാപത്താ–
ലുണ്ടായതാണിക്കുഴപ്പമെല്ലാം.
നിന്നോടിതോതുവാനെന്നുടെ വംശത്തി–
ലിന്നോളമുണ്ടായില്ലാരുമാരും.''

കരണീയമെന്തെന്നചിന്തയിലൊന്നുംതന്നെ
പറയാതനങ്ങാതെ നിന്നുപോയ് ഗംഗാദേവീ:
രാത്രിയെപ്പിരിഞ്ഞുയിർക്കൊള്ളുവാനാമോ നിത്യ–
ധാത്രിയെ? വാടും പോയാലാമുഖമെന്നെന്നേയ്ക്കും.
വിഷ്ണുവിൻ പെരുവിരൽത്തുമ്പിലെസ്സംസേവന–
തൃഷ്ണയാലാവാം, പക്ഷേ, പറഞ്ഞാളവസാനം:
'അംഗസൗഭാഗ്യമില്ലെങ്കിലും നിന്നാത്മ–
ഭംഗി മറ്റാർക്കുള്ളൂ രാവേ?
ആകുമോ വേർപെടാൻ നിന്നെ? ഞാൻ താഴോട്ടു
പോകണോ വേണ്ടയോ ദേവീ?
നിന്നുപദേശവും നിൻ മുലപ്പാലുമാ–
ണെന്നെന്നുമെന്നുടെ ശക്തി,
ഏതിനോ കൂടുതൽ മാധുര്യമെന്നെനി–
ക്കോതാൻ കഴികയില്ലെന്നും.
എന്നപ്പിരിഞ്ഞുള്ള ജീവിതം മൃത്യുവാ–
യെണ്ണും നീയെന്നതു സത്യം;
താഴത്തറുപതിനായിരമാത്മാക്കൾ
കേഴുന്നുവെന്നതും സത്യം.''

പകലിൻ തുടുപ്പാർന്നകൈകളിൽ തലചുറ്റി–

പ്പതിച്ചൂ നിശ; ഗംഗ പറഞ്ഞൂ നിസ്സന്ദേഹം,
‘‘പോക നീ ഭഗീരഥ,പോക നീ തിരികെ; ഞാൻ
പോരില്ല നിന്നോടൊപ്പം;അക്കാര്യം തീർച്ചപ്പെട്ടു.
ഏഴയിപ്പോറ്റമ്മ; ഞാനിവൾക്കായ് ത്യജിക്കുന്നി–
തേഴേഴു ലോകങ്ങളും നൽകിടുമാശീർവ്വാദം.’’
ക്രുദ്ധനായ്ത്തീർന്നൂ പെട്ടെന്നത്രമേൽ ധർമ്മാധർമ്മ–
ശ്രദ്ധനും തപോബലസിദ്ധനുമാമാബ്ഭൂപൻ,
താമസമെന്യേ യോഗദണ്ഡിനാൽ സ്വർഗ്ഗംഗയെ–
ത്താനിട്ടവഴിക്കവൻ നടത്തീ ബലാൽത്തന്നെ:
‘‘തടുക്കാനാളുണ്ടെങ്കിൽ വന്നുകൊള്ളട്ടേ, നിന്നെ–
പ്പിടിച്ചപിടിയാലേകൊണ്ടുപോകുന്നൂ ഗംഗേ!
ഭൂവിലൂടെയും പാതാളത്തിലൂടെയും പാഞ്ഞു
പോവുക;’’ തേങ്ങിത്തേങ്ങിപ്പായുകയായീ ഗംഗ.
മോചനം നല്കീ ഭഗീരഥൻ തൻ പൂർവ്വർക്കെന്നാൽ
മോചിതയായില്ലവളപ്പോഴുമദ്ദേഹത്താൽ,
വ്യഥിതാശയനുരിയാടിനാൻ വീണ്ടും ഭഗീ–
രഥനന്നനുനയസ്വരമാധുരിയോടെ,
‘‘പോകൊല്ല തിരികെ നീ പോകൊല്ല മൃദുശീലേ,
ശോകത്തിലെരിയും പാരുള്ളകാലം.
കേഴുന്നു ഗതിവരാപ്രേതങ്ങളിപ്പോഴുമീ–
യൂഴിമേലറുപതിനായിരങ്ങൾ.
ദ്യോവിലെന്തിരിക്കുന്നു? കേവലശൂന്യത! ഇ–
ബ്ഭൂവിലോ? ജീവലോകരോദനങ്ങൾ!
ജീവിച്ചിട്ടെന്തുവേണമാലസ്യമേഖലയിൽ?
സേവനശീലർക്കെന്നും സേവനം മോക്ഷം!’’
ഉത്തരം പറഞ്ഞില്ല ഗംഗ യാതൊന്നും; സേവാ–
വൃത്തിതന്നാനന്ദത്തിൽ വിലയിക്കയേ ചെയ്തു.
ഭൂമിയും പാതാളവുമവൾതൻ സംസർഗ്ഗത്താൽ
ഭൂതിമത്തായിപ്പൂതവൃത്തങ്ങളായിത്തീർന്നു,
രാവിടയ്ക്കിടെത്തൻ കൈക്കുഞ്ഞിനെക്കാണാൻ വന്നൂ;
ദ്യോവിലെ വേലയ്ക്കായിപ്പോകയും ചെയ്താളെന്നും
പിരിയുംനേരം ഗംഗ കണ്ണുനീരോടേ ചൊല്ലി,
‘‘വരുമോ പോറ്റമ്മേ, നീ നാളെയും സായാഹ്നത്തിൽ?’’
‘‘വരും’’,എന്നോതിക്കൊണ്ടു രാത്രിപോയ് മറയുമ്പോൾ
പറയും ഗംഗാദേവി കാണ്മവരെല്ലാരോടും,
‘‘വേട്ടാളായ ഭഗീരഥനെന്നോടു
കാട്ടുന്നില്ലാ താൽപ്പര്യം;
ഭർത്തൃഗൃഹത്തിൽ സർവ്വരുടേയും
ഭൃത്യപ്പണി ഞാൻ ചെയ്യുന്നു,
ഒന്നുമാത്രമൊരാശ്വാസം മേ;
വന്നുചേരും നിശയെന്നും.
എത്ര കഴിഞ്ഞിട്ടെന്താണിന്നും
ചിത്തം പിളരും പിരിയുമ്പോൾ.
ഇത്തിരിപോന്നോരാശ നെഞ്ചിൽ
കത്തിനിൽപ്പുണ്ടിപ്പോഴും;
ഇന്നെൻ മുലയിൽത്തൂങ്ങും കുട്ടിക–
ളെന്നെക്കാത്തിടുമൊരുകാലം!’’

പായുന്നു വീണ്ടും കാലം; ഗംഗയാൽ ശുശ്രൂഷിത–
രായ മാനവരാലിബ്ഭാരതം വികസിപ്പൂ.
ഗംഗയോടവർക്കെന്തൊരാസ്ഥയിന്ന,വർക്കില്ല
ഗംഗയെക്കാളും പാപഹരമായൊന്നും വേറെ.
ഗംഗതൻ ഹൃദയത്തിൽച്ചെന്നവർ മുഴുകുന്നൂ,
ഗംഗയെപ്പൂജിക്കുന്നൂ,ഗംഗയെ സ്തുതിക്കുന്നൂ,
''ഗംഗാമാതാവേ, ജയ, ജയ, ഗംഗാമാതാവേ,
ശമയമദമഭാവേ, ജയ നീ, ശമയമദമഭാവേ!
വിണ്ണിലൂറിയ പൂങ്കിനാവേ, മണ്ണിലൊഴുകിയ പൂനിലാവേ,
കണ്ണുനീരിൻ പുണ്യമായ താമരപ്പൂങ്കാവേ, വെൺ–
താമരപ്പൂങ്കാവേ,
നിന്നിൽനിന്നു പിറന്നൂ ഞങ്ങൾ,
നിന്നെക്കൊണ്ടു പുലർന്നൂ ഞങ്ങൾ,
നിന്നിലൂടെ തേടിടുന്നു മൃത്യുമോക്ഷം ഞങ്ങൾ, ജനി–
മൃത്യമോക്ഷം ഞങ്ങൾ''
തുഷ്ടയായ്ത്തീർന്നൂ ഗംഗ; തന്മക്കൾക്കായിട്ടെന്തു
കഷ്ടവും സഹിക്കുന്നതാനന്ദമയമായീ.
കാലത്താൽ ഭഗീരഥതുല്യരായ്ത്തീർന്നൂ മക്കൾ
കായശക്തിയിലെന്നല്ലാത്മീയബലത്തിലും.
തിരികേ പോകാനുള്ള വെമ്പൽ പോയ്മറഞ്ഞപ്പോൾ
പറഞ്ഞൂ കൂടെക്കൂടെ മക്കളോടേവം ഗംഗ,
''ചാരത്തു നിന്നിടും മക്കളേ, നീളെ
ദൂരെയ്ക്കുമെൻ കനിവെത്തണം നാളെ.
അകലത്തു നിൽപ്പതു നിങ്ങളെപ്പോലെ–
ന്നരുമക്കിടാങ്ങളെന്നറിവൂ ഞാനിപ്പോൾ.
വഴിമുടക്കീടുവാൻ നിൽപ്പിതാ, നോക്കൂ,
വനവേണി ചിക്കുന്ന മലകളെൻ ചുറ്റും.
കഴിയുമോ മക്കളേ, നിങ്ങൾക്കിവരെ–
കഴൽപണിയിപ്പാനെന്നാർദ്രതയാലേ?
ചെറുചെറു കാൽവഴിത്താരകൾ തീർത്തു–
തരുവിനിദ്ധരണിയിലൊക്കെയും നിങ്ങൾ.
സഹജർതൻ കാഠിന്യമലിയിപ്പതല്ലോ
സകലാർത്ഥസിദ്ധിയെന്നറിയുവിൻ നിങ്ങൾ.''

''അങ്ങനെത്താനെ''ന്നെഴു
അമ്മയോ കനിവൂറും തെളിപുഞ്ചിരി തൂകീ,
''വിണ്ണിലെന്തുള്ളു? ക്ഷുദ്രക്ഷുദ്രമാലസ്യം; പക്ഷേ,
മണ്ണിലോ തീരാത്തത്ര നിധിയുണ്ടിരിക്കുന്നു,
സ്നേഹത്താൽ,തമ്മിൽത്തമ്മിലിറുകിപ്പിടിക്കുന്ന
ദാഹത്താൽജ്ജീവാത്മാവിൽക്കിളരും സരസ്വതീ,
നിർമ്മമമധ്യാനത്തിലുറയും കളിന്ദജേ,
നമ്മിൽനിന്നീ നാടെന്നും യൗവനം കറന്നാവൂ!''

# ഇറച്ചിക്കോഴികൾ

വലയിൽത്തെളികണ്ണുമിഴിച്ചിപ്പൗരാണിക–

മുലകം നിരീക്ഷിക്കും കുടന്നപ്രാണങ്ങളേ,

കാണുവാൻ മാത്രം വേണ്ടിപ്പോറ്റിയാലെന്തെന്നെന്റെ
നാണമാശിക്കും നാദപ്രപഞ്ചലയങ്ങളേ,

നിസ്സഹായതതുള്ളുമുദയാനന്ദങ്ങളേ,
നിങ്ങളെക്കാണും കണ്ണിൻ കടയ്ക്കൽച്ചെവിക്കൊൾവേൻ,

പറവീലൊന്നും നിങ്ങളെങ്കിലും, ''നാപ്പേരുകിൽ–
പ്പറഞ്ഞേനേ സാർ,'' എന്ന നാന്ദിവാക്യത്തിൻ പിൻപേ,

''ഇരിപ്പേനിരുപതു സെന്റിമീറ്ററിൽപ്പക–
ലിരവിക്കൂട്ടിന്നുള്ളിലറക്കപ്പൊടിയിൽ ഞാൻ;

ഇത്തിരി മാംസം വളരുന്നതിലാഹ്ലാദിച്ചു
കത്തുന്നു തലയ്ക്കുമേൽ മൃത്യവിൻസദയോഷ്ണം.

നരജന്മികൾ നിങ്ങൾ കൊന്നു തിന്നൊടുക്കാവൂ
മരിക്കാനുയിർക്കൊണ്ട ഞങ്ങളെ നിർദ്ദാക്ഷിണ്യം.

പൊരിച്ചും പൊരിക്കാതെത്തന്നെയും, കുറച്ചുപ്പു–
മെരിവും ചേർത്തോ ചേർത്തിടാതെയോ രുചിപോലെ

പറക്കമുറ്റുംമുമ്പു വേണമോ? ശരി; പക്ഷേ,
പറന്നാൽപ്പോലും കോഴികയ്യാലപ്പുറത്തോളം!

അമ്മയെ, പ്രകൃതിയെജ്ജയിച്ച ഗംഭീരന്മാ–
രല്ലയോ നീയും നിന്റെ കൂട്ടരും മഹാത്മാവേ?

വിഷപ്പാമ്പിനെപ്പോലും വിഴുങ്ങും നിർല്ലജ്ജമാം
വിശപ്പല്ലയോ ബുദ്ധിജീവിയാമങ്ങയ്ക്കിപ്പോൾ?

കീടത്തെക്കൃമിയേയും കൊറിച്ചിട്ടല്ലോ ജീവി–
ച്ചീടുന്നു സ്വതന്ത്രന്മാരെങ്കിലെൻ വർഗ്ഗക്കാരും.

ഒരൊറ്റദ്ദയമാത്രം യാചിപ്പൂ: പരസ്യത്തിൽ–
ക്കുറിച്ച ബഹുമതി മായ്ക്കണം പുണ്യാത്മാവേ!

കേവലമിറച്ചിക്കോഴികൾ ഞങ്ങളെന്നല്ലീ
താവകാശയം ? എഴുത്തറിയാം ഞങ്ങൾക്കെങ്കിൽ,

നിങ്ങളെക്കാളൂക്കുള്ള ജംഗമങ്ങളായ്ത്തീരാൻ
ഞങ്ങളിൽസ്സർവ്വേശ്വരൻ കനിയും കാലംവന്നാൽ,

ഇതു നിശ്ചയം ഞങ്ങൾ നിങ്ങളിൽ വിഷമാംസ–
ക്കൊതി പൂണ്ടവരായിത്തീർന്നിടാം, എങ്കിൽപ്പോലും

നിങ്ങളെപ്പച്ചയ്ക്കു തിന്നുന്നവരായാൽപ്പോലും
ഇങ്ങനെയുളുപ്പില്ലാപ്പരസ്യം പതിക്കില്ല!

നിങ്ങളെബ്ബാധിക്കുംമുമ്പതിലെച്ചെറ്റത്തരം
ഞങ്ങളെബ്ബാധിക്കുമെന്നറിയുന്നവർ ഞങ്ങൾ!

അൽപ്പവിഗ്രഹ,രൽപ്പായുസ്സുകൾ, പക്ഷേ, സ്വന്ത–
മൽപ്പത്വം മറക്കുന്നില്ലുറക്കത്തിലും കോഴി.''

വലയിൽത്തെളികണ്ണു മിഴിച്ചീ മരവിക്കു–
മുലകം നിരീക്ഷിക്കും ധവളപ്രാണങ്ങളേ,

പരസ്യാക്ഷരങ്ങളെത്തുടച്ചുകളയുവാൻ
കരുത്തില്ലാഞ്ഞെന്നാർദ്രനേത്രങ്ങൾ തുടപ്പേൻ ഞാൻ!

# സ്വപ്നമേഖലയിൽ

സാഹിത്യത്തിന്നു വാക്കിൽക്കിനിയുമൊരണിമാ–

ദ്യർത്ഥസാരസ്വതത്തിൽ–

ദ്ദാഹം തീരുന്നനാളിൽക്കവിത കവിതയ–
ല്ലാതെയാമെന്ന ഭീതി
മേഹംപോലെന്റെ നാഡീപടലിയിലൊഴുകും
മാത്രയിൽബ്ഭാവിദുഃഖ–
സ്വാഹാനാദപ്രവാഹപ്രചുരിമ പദവാ–
കൃപ്രരൂപങ്ങളായോ?

കാന്താരത്തിൽ പ്രശാന്താഗ്നികൾ മധുരമിഴാ–
വൊച്ച പെയ്യുന്നു; ദിവ്യോൽ–
ഭ്രാന്താത്മാവോ, ചരിപ്പൂ ചടുലചരണനായ്–
ബ്ഭാവനാഗ്രന്ഥിതോറും;
ശ്രാന്ത്യാ ദിങ്നാഗശീർഷം വിഗതവിനയമി–
ക്കാലകാളാംബുവാഹ–
ക്രാന്ത്യാ താഴുന്ന താഴ്ചയ്ക്കടിയിൽ മിഴികയോ
നൂറു കൽപ്പാന്തസൂര്യൻ?

കൊട്ടുന്നൂ പാണി കാലസ്ഥലചടുലവിരാ–
ഡ്ഢോദി,യസ്താർക്കകാന്തി–
പ്പട്ടാടച്ചാർത്തിഴഞ്ഞിത്തെരുവിലഖിലവും
ശോണിതഭ്രാന്തി ചേർക്കെ,
മുട്ടോളം നീണ്ട കൈകൊണ്ടുപഗതരുടനേ
തേടി വസ്ത്രാഞ്ചലാഗ്രം;
പെട്ടെന്നൂറീ ശശാങ്കാനനയുടെ ചൊടിയിൽ–
ക്കാല്യഭൂപാളമോക്ഷം.
ചെന്താർപ്പൊയ്കയ്ക്കുറക്കം, കവിത കളിയര–
ങ്ങിൻ മയക്കത്തിൽ, ഓർമ്മ–
ച്ചിന്തിൽക്കൈത്താളമിട്ടൂ യുവജനഹൃദയോ–
ല്ലാസി സൗവർണ്ണരാഗം;
ചെന്തീയാളീ വികാരപ്രചരിതയുഗസം–
ക്രാമവൃത്തത്തി,ലെന്നാൽ–
ത്തന്ത്രീലീനാശയത്തിൻ ഖനികളിലിനിയും
സ്വേദരത്നാംഗുലീയം.

ആരീ സ്വാരാജ്യസമ്പൽസമുദയകദളീ–
സൗരഭത്തിൻ പ്രണേതാ–
വാ,രാൽ മൂളുന്നൂ വൃന്ദാവനിയിൽ വികചമീ–
സ്സായിഗീതപ്രസൂനം,
ആരീസ്സൗഗന്ധികാശ്രുപ്രവഹണയുഗമാർ
ഗ്ഗങ്ങളിൽപ്പഞ്ചഭൂത–
ശ്രീരാഗത്തിന്റെ താരസ്വരലയഹൃദയോൽ–
ഭിന്നസത്യസ്വരൂപൻ?

## പേരെന്ത്?

‘‘ഹിന്ദിയെശ്ശുദ്ധീകരിച്ച തുളസിയെ
വന്ദിക്കാതാരുണ്ടിബ്ഭാരതത്തിൽ?
കൃത്തിവാസ്, മാധവകന്ദളി, രാമദാസ്
ഇത്തരമോരോ മഹാകവികൾ

ബംഗ്ലായിലാസ്സാമിയായിലുഡിയയി–
ലെങ്ങുമെ രാമകഥ പറഞ്ഞു.
കമ്പനെഴുതി തമിഴിൽ രാമായണം,
പമ്പനെഴുതീ കർണ്ണാടകത്തിൽ.
രംഗനാഥൻ തെലുങ്കിൽത്തീർത്തു ഭാരത–
മംഗല്യസൂത്രമാക്കാവ്യഗംഗ.
ആരു നിർമ്മച്ചൂ മലയാളഭാഷയി–
ലാരാദ്ധ്യമബ്ഭാരതാഭിമാനം?''

ഉത്തർപ്രദേശി വന്നിങ്ങനെ ചോദിക്കെ–
യുത്തരംമുട്ടി ഞാൻ നിന്നുപോയി
പണ്ടൃഷീകേശത്തു ലക്ഷ്മണൻതൻ* തൂക്കു–
പാലത്തിലൂടെ നടന്നുപോകേ.
''നിൽക്കുന്നതെന്താണനക്കമെന്യേ, കവി–
ക്കിക്കാര്യം പോലുമറിഞ്ഞുകൂടേ?''
ചോദിക്കയാണാസ്സുഹൃത്തിന്റെ, പുഞ്ചിരി–
ചോരും തുടുത്ത കവിൾച്ചുളികൾ.
രാമായണത്തിൽ ജനിച്ചവളെന്നമ്മ
രാമായണത്തിലടഞ്ഞു മോക്ഷം!
രാമായണത്തിൽനിന്നക്ഷരവിദ്യതൻ
രോമന്ഥമെന്തെന്നറിഞ്ഞു ഞാനും.
എങ്കിലും നിശ്ചയമില്ലെനിക്കിപ്പൊഴു–
മെന്താക്കവിയുടെ നാമധേയം?
രാമനെഴുത്തച്ഛനെന്നൊരു ജ്യേഷ്ഠനു–
ണ്ടാ മഹാന്നെന്നേ വിവരമുള്ളൂ.

അഗ്നിപ്രവിഷ്ടയാം സീതയെന്നാന്തര–
നഗ്നത പെട്ടെന്നു വേർത്തുപോകേ,
ആത്മാവിൻതുഞ്ചത്തു നാമം ജപിച്ചുകൊ–
ണ്ടാവിർഭവിച്ചിതാചാര്യപാദൻ;
കണ്ണിൽ മിഴിയുന്ന മന്ദസ്മിതദ്യുതി–
യെന്നോടു ചൊൽവൂ: ''പറക കുഞ്ഞേ,
അധ്യാത്മരാമായണമാണു കിട്ടിയ–
താദ്യം മലായളിക്കാകയാലേ
ആചാര്യൻ പാടേ മറന്നുപോയ് തന്റെ പേ–
രാലേഖനംചെയ്യാ,നത്രമാത്രം!''

അർത്ഥം മനസ്സിലായില്ലെന്ന ഭാവത്തി–
ലുത്തർപ്രദേശിയാണിത്തവണ
കണ്ണടയൂരിത്തുടയ്ക്കവേ വാ തുറ–
ന്നൊ,ന്നും പറയാതെ നിന്നുപോയി.
അപ്പോൾത്തുരുതുരെച്ചൊല്ലിയെൻ സുസ്മിതം,
''അദ്ധ്യാത്മജ്ഞാനത്തിൻ വിക്ഷണത്തിൽ
ഒക്കെപ്പരമാത്മകേളിയായ് മാറുമ്പോൾ
വ്യക്തിനാമത്തിനെന്തർത്ഥമുള്ളൂ?
ഞാനെന്ന ബോധം മറക്കുവാനായെഴു–
ത്താണിയുമോലയും കൈയിലേന്തി
രാമന്റെ തത്ത്വം പറഞ്ഞതെഴുത്തച്ഛൻ
നാമംജപിച്ചുകൊണ്ടായിരുന്നു.''

ഉത്തർപ്രദേശി പിമ്പൊന്നും പറഞ്ഞില്ല,
സത്വരം കൈകൂപ്പിക്കണ്ണടച്ചു.

പുൽക്കുടിലിങ്കൽനിന്നല്ലെങ്കിൽച്ചാരത്തെ–
പ്പുറ്റിൽനിന്നപ്പോളുയർന്നുകേട്ടു
തുംഗഹിമാചലപ്രാന്തത്തിലാകൽപ്പ–
മംഗളം വർഷിക്കും രാമനാമം..

## വിളക്കത്തലെക്കുഞ്ഞൻ

എന്തൊരു മഹാത്ഭുതം മനുഷ്യാത്മാവംഭസ്സിൽ–
പ്പൊന്തിയ മഞ്ഞിൻകട്ടതന്നെ,യെന്നോർക്കുംമുമ്പേ
എന്നിലെ നിഗൂഢസത്യങ്ങളെത്തേടിച്ചെന്നെ–
ന്നന്തരംഗത്തിൻചുറ്റും ഞാൻ പ്രദക്ഷിണംവെയ്ക്കേ
ഗ്രാമജീവിതച്ചുമർക്കണ്ണാടി ചൊൽവൂ, ''മുടി–
രോമമപ്പടി വെള്ളപൂശിയ ജീവാത്മാവേ,
നിഴലാണു നീ;'' പിന്നിൽ വെട്ടിടും മരത്തിന്റെ–
യഴലോ ശ്രുതിപുടങ്ങളിൽ വന്നലയ്ക്കുന്നു?
തിരിഞ്ഞുനോക്കും കണ്ണിൽ മടവാൾ തേക്കിൻകൈക–
ളരിവൂ കോരന്റെ കൈവീശലാൽ: വളം വേണ്ടേ?

അരിയിച്ചേൻ ഞാനറുപതു വത്സരം നീളാ–
ക്കരമല്ലുടൻ നീളും മൂർദ്ധജം; എങ്കിൽക്കൂടി
വളർന്നില്ലൊരു നെല്ലും പുല്ലും; എൻ ചുണ്ടിൽച്ചിരി
വിളയാടിയോ? പിടഞ്ഞെഴുന്നേൽക്കുന്നൂ മുന്നിൽ
നാൽപ്പതുകൊല്ലം മുമ്പെൻ ഗ്രാമത്തിൽക്കാണാതായ
നാട്യഭേദനിർമ്മുക്തൻ വിളക്കത്തലെക്കുഞ്ഞൻ.
'മുടി നീണ്ടു'വെന്നോർത്താൽ പടിവാതിൽക്കൽ താഴം
മുടിക്കെട്ടുമായ്ക്കുഞ്ഞൻ പ്രത്യക്ഷീഭവിക്കുന്നു!
കത്തിയും കല്ലും തോലും കത്തിരിയുമുൾച്ചേർന്ന
കച്ചസ്സഞ്ചിയുമഴിച്ചിരിപ്പായ്ത്താഴ്‌വാരത്തിൽ!
'ഇന്നു വെട്ടണ്ടേ മുടി' യെന്നില്ല ചോദ്യം: 'ലേശം
തണ്ണീരു വേണം', കത്തി കല്ലിന്മേലുരയണ്ടേ?
തോലിലും സ്വന്തം കണങ്കാലിലും മുതുകത്തും
നാലുരുവുരച്ചൂതിപ്പൊടിയും കളയണ്ടേ?
എൻമുടികളെ നഖംകറുത്ത വിരൽകളാ–
ലുന്മുഖമാക്കിക്കടനനച്ചു കുതിർക്കേണ്ടേ?
കർമ്മനിഷ്ഠംകൊണ്ടറിവീലപോൽ സ്വന്തം വീട്ടിൽ
കഞ്ഞിവെച്ചിട്ടില്ലെന്ന കഥപോലുമീ ശ്രീമാൻ!

കിണ്ടിവെള്ളവുമായ്ച്ചെന്നാ വൃദ്ധസാന്നിദ്ധ്യത്തിൽ
മണ്ട ഞാൻ കുനിക്കുമ്പോൾ കത്രിക ചലിക്കുന്നു;
അദ്ദീനജീവാത്മാവിൻ കാൽനഖച്ചളിപ്പുറ്റി–
ലാർദ്രമെൻ നയനങ്ങളിഴഞ്ഞു നടക്കുന്നു.
കിട്ടിയതെന്താണെന്നു നോക്കാതെ മടിയിലി–
ട്ടൊട്ടിയ വയറുമായ് മടങ്ങിപ്പോമാ രൂപം
കാലിലെട്ടയർച്ചെരിപ്പിരടിപ്പടികേറി–
യാലിനപ്പുറം നിത്യനീലയിൽ മുഴുകുമ്പോൾ
തിരികെക്കണ്ണാടിതൻ മുന്നിലെൻ കണ്ണീർപ്പീള–
ക്കറയെൻ വിരൽവിറ തുടച്ചുകളയുന്നു.
'അസ്വതന്ത്രമീ നാടിൻ നിസ്സഹായത, നോക്കൂ,

ദുസ്സഹംതാ’ നെന്നെന്റെ ഭീരുത മന്ത്രിക്കുന്നു!
എവിടെപ്പോയാ വിനയാന്വിതൻ? ശതകാർദ്ധ–
വ്യവഹാരത്തിന്നപ്പുറത്തുനിന്നിരച്ചെത്തി,
പവിപോൽ, ശിലീഭൂത സ്വാർത്ഥത്തിൻ തിമിരത്തിൽ
ഛവിയായ്ക്കുതിരുമീയിളംചൂടെന്താണാവോ?
‘അതു രാജതമെന്ന കന്മദം കണ്ണീരല്ലെ–
ന്നരുൾചെയ്യുന്നൂ കാതിൻ ഞരമ്പിൽപ്പെട്ടെന്നാരോ?

അപ്പൊഴും വിശാഖമാത്തേക്കുവൃക്ഷത്തിന്റെ ന–
ഗാസ്ഥിയെൻ സ്വാർത്ഥത്തിന്മേൽ തുറുകണ്ണുടക്കുമ്പോൾ
എരിതീപ്പൊരിപോലെൻ ജീവവാത്സല്യം ചെന്നു
വിരിമാർക്കുളിർകൊണ്ടാ വൃക്ഷത്തെപ്പുണർന്നില്ലേ?
നീരൊലിച്ചിടും മുറിവായ്കളിൽച്ചുംബിച്ചില്ലേ?
കോരനസ്സത്യം കണ്ടില്ലെന്നതാണേകാശ്വാസം!

# ഭഗവാന്റെ ദുഃഖം

‘നാരായണീയം വിരചിച്ചശേഷം
നാനൂറുകൊല്ലങ്ങൾ കഴിഞ്ഞുവെന്നോ?
അവിശ്വസിപ്പേൻ’’ ഗുരുവായൂഗേഹ–
ഗർഭത്തിൽനിന്നിങ്ങനെ കേൾപ്പിതോ ഞാൻ! 1

‘‘കാലപ്രവാഹത്തെ മറന്നുപോയ് ഞാൻ
പട്ടേരിതൻ പാലഭിഷേകമേൽക്കെ,
പാലിൻ പ്രമോദത്തിലുറന്നുവന്ന
പിയൂഷസത്തിൽ പുനരുദ്ഭവിക്കെ. 2

ഇന്നാപ്പരാനന്ദതടിത്സരിത്തിൽ–
ക്കുളിച്ചുവന്നെന്നെ വണങ്ങിനിൽപ്പൂ
കുമാരികാഹൈമവതാന്തഭൂവിൽ–
ച്ചരിച്ചിടും ഭക്തരശേഷമെന്നോ? 3

നേരാണിതാ, ഹസ്തിനചക്രപാല–
പാദങ്ങൾ സോപാനതടത്തിലെത്തീ;
തുറക്കണോ വായ്? മഥുരാപുരത്തെ–
ക്ഷേമങ്ങൾ ചോദിച്ചറിയാൻ തിടുക്കം! 4

ഇതാരെടോ, ഗുർജ്ജരവാസി? കൃഷ്ണ–
നിന്നും മഹാരാജപദത്തിലല്ലേ
ഭവൽപ്രദേശത്തറിയപ്പെടുന്നു?'
ചോദിച്ചിടാഞ്ഞിട്ടൊരെരിച്ചലുള്ളിൽ! 5

ഈ വന്നു നിൽക്കുന്നതു വംഗദേശി–
യാണല്ലി? സാക്ഷാൽ ജയദേവഭൂവേ,
നീയും നമിപ്പൂ നിബിഡാർത്ഥനാരാ–
യണീയഹർഷത്തിനു മുന്നി,ലല്ലി? 6

പട്ടേരി പീഠത്തിലിരുന്നുരുമ്മി–
ക്കാൺകീ മഹാശ്ചര്യവിലാസവർഷം;
ചൂടിക്കുവേനീക്കുടുമക്കൊളുത്തിൽ–
ദ്ദിവാകരസ്പർദ്ധികിരീടപിഞ്ഛം! 7

കിട്ടാതെപോയ്പ്പണ്ടിഹ വില്വമംഗ–
ലത്തിന്നുമീദ്ദിവ്യമയൂരപിഞ്ഛം:
ഉണ്ണിക്കു നാരായണനാമമിട്ടു
ചുമ്മാതെയല്ലാ കൃതി മാതൃദത്തൻ[2] 8

എന്തിന്നിതൊക്കെപ്പറയുമ്പൊഴേക്കു
പട്ടേരിതൻ കണ്ണു തുളുമ്പിടുന്നൂ?
നിലമ്പതിയ്ക്കൊല്ല തവാശ്രൂ പത്മ–
ദളങ്ങളാലൊപ്പിയെടുത്തിടാം ഞാൻ. 9

ഇരിക്കയില്ലെൻ നികടത്തിലെന്ന
ശാഠ്യത്തിലെന്നാൽപ്പിളരുന്നു സാത്മ്യം;
ഇതല്ലി ദുഃഖം?'' ഗുരുവായൂഗേഹ–
ഗർഭത്തിൽനിന്നിങ്ങനെ കേൾപ്പിതോ ഞാൻ? 10

# രാപ്പനി

രാത്രിതന്നേകാന്തതകളിൽ നാൽപ്പതു
വോൾട്ടിനു കീഴിലിരുന്നെഴുതി
എത്രയോ കാവ്യങ്ങളെങ്കിലും ഭാവിയി–
ലത്തരമൊന്നും നടക്കയില്ല.
ഒന്നാമതായുശ്ശിഖരം കടന്നു ഞാൻ
പിന്നോട്ടിറങ്ങിത്തുടങ്ങിയല്ലോ.
മുപ്പത്തിയെട്ടു വയസ്സുമുതൽക്കെന്റെ
മൂക്കത്തിരിപ്പായ കണ്ണടയ്ക്കും
കാണാൻ പ്രയാസമായക്ഷരം; അപ്പൊഴേ–
യ്ക്കാണു രണ്ടാമതിച്ചാർജ്ജുകമ്മി!

സംഗതിയെന്തെന്നോ? പൂജാമുറിക്കുള്ളിൽ
സാന്ധ്യദീപങ്ങൾ കൊളുത്തിവെച്ചാൽ
എല്ലാ മുറിയിലും ഞെട്ടുന്നു ബൾബുകൾ
പല്ലിളിച്ചുംകൊണ്ടു നിന്നിടുന്നു.
സാധിക്കയില്ലിനി രാത്രിനേരങ്ങളിൽ
സാഹിത്യം; എന്നാലും നഷ്ടമില്ല.
നാമംജപിക്കാമിരുട്ടത്തിരുന്നുകൊ–
ണ്ടാമോദപൂർവ്വം പുലരുവോളം.
ചിന്തയാൽ ഗ്രസ്തനാം വാർദ്ധകപീഡിത–
നെന്തുണ്ടൊരാശ്രയം നാമമെന്യേ!

മന്ത്രിക്കെഴുതിയിട്ടെന്താണിസ്സൊല്ലകൾ
ചിന്തിക്കാനങ്ങോർക്കു നേരമുണ്ടോ?
സ്വന്തം കസാലയെക്കെട്ടിപ്പിടിച്ചല്ലി
കുന്തിച്ചിരിപ്പതളകുപോലെ[1]
അല്ലെങ്കിൽ മന്ത്രിമാരെന്തു ചെയ്യാൻ? കാട്ടി–
ലുള്ള ജലസംഭരണിതോറും
ചോരുന്ന വെള്ളത്തുളയിൽ വിരലിട്ടു
നേരം വെളുപ്പിക്കാൻ സാദ്ധ്യമാണോ?[2]
ആണെങ്കിൽത്തന്നെയാ നിസ്സഹായാവസ്ഥ
കാണുന്ന കാവൽക്കാർക്കെന്തു തോന്നും?

വൃക്ഷങ്ങളൊക്കെ നാം വെട്ടിക്കളകയാൽ

നക്ഷത്രം നോക്കാൻ തടസ്സമില്ല.
ആന നരി പുലിതൊട്ടവരെക്കുറി–
ച്ചാശങ്കയും വേണ്ടതില്ല, പക്ഷേ,
''ചോരുന്ന വെള്ളത്തുളയിൽ വിരലിട്ടു
നേരം വെളുപ്പിച്ച മന്ത്രി'' യായാൽ
നാളെമേലാക്കം ജനങ്ങൾ ചിരിക്കുമ്പോൾ
ചൂളാതെ നിൽക്കാൻ പ്രയാസമില്ലേ?
എന്തൊക്കെയോ വിലകെട്ട വിചാരങ്ങ–
ളന്തരംഗത്തിലുലാവിടുന്നു.

വീണ്ടും വരുന്ന തിരഞ്ഞെടുപ്പല്ലയോ
വീഥിയിൽക്കുത്തിയൊലിപ്പതിപ്പോൾ?
അക്ഷരജ്ഞാനത്തിൻതാഴെയുമിക്കുറി
നിൽക്കുന്നുണ്ടാളുകൾ മന്ത്രിയാവാൻ
ആവലാതിക്കത്തെഴുതിയാലൊന്നുമെൻ
വേവലാതിക്കില്ലറുതി, പക്ഷേ,
നാമം ജപിച്ചിടാമുച്ചത്തി,ലീശ്വര–
നാമം ഫലേച്ഛാധികാരമെന്യേ
നേരം പുലരും വരേയ്ക്കീ,യിരുട്ടത്തു
വേറെന്തു ചെയ്യുവാനാണു നാവേ?

നേരും നെറിയുമില്ലാത്ത പരിഷ്കൃതി–
ക്രൂരതയള്ളിപ്പിടിക്കുകയാൽ
വ്യക്തി,കുടുംബം, സമുദായമൊക്കെയും
മുക്തി ദാഹിച്ചു പിടഞ്ഞിടുമ്പോൾ
നക്ഷത്രയുദ്ധത്തിനായ് ബഹിരാകാശ–
കക്ഷ്യയിൽപ്പാറും മനുഷ്യമൗഢ്യം
ഞെട്ടിത്തെറിക്കുമാറിഗ്ഘോര രാത്രിതൻ
പൊട്ടിക്കരച്ചിൽ പോലുച്ചമായി
നാവേ, നിറയ്ക്ക നീ നിർദ്ദയമീശ്വര–
നാമത്താലാകാശശൂന്യതയെ!